# ആഹാരവും പോഷണവും
# $9^{th}$ STD
## ആഹാരശീലങ്ങൾ ശരിയും തെറ്റും

സീൻ 1
പകൽ/ INT
പഠനമുറി

ആതിര(14 വയസ്സ്) തുറന്ന് വെച്ച പുസ്തകത്തിന് മുന്നിലിരുന്ന് ഉറക്കം തൂങ്ങുന്നു. അവളുടെ അമ്മ മുറിയിലേക്ക് വരുന്നു. ബുക്കിൽ തല ചായ്ച്ച് ഉറങ്ങുന്ന ആതിരയെ തട്ടി വിളിക്കുന്നു.
അമ്മ: എന്താ മോളെ നീ ബുക്കും തുറന്ന് വെച്ച് ഉറങ്ങുന്നത്.
ആതിര: ഭയങ്കര ക്ഷീണം പോലെ അമ്മേ.
(അമ്മ അവളുടെ നെറ്റിയിൽ കൈ വെച്ച് നോക്കുന്നു.)
അമ്മ: പനിയൊന്നുമില്ലല്ലോ? പിന്നെ നീ ഭക്ഷണം കഴിക്കാതെ ഇങ്ങനെ നടന്നോ, ഇന്ന് രാവിലത്തെ ദോശയും ചമ്മന്തിയും നീ തൊട്ടിട്ടില്ലല്ലോ?
ആതിര: ദോശ എനിക്കിഷ്ടമല്ല.
അമ്മ: നിനക്ക് ഈ വീട്ടിൽ ഉണ്ടാക്കുന്നത് ഒന്നും ഇഷ്ടമല്ലല്ലോ;ആകെ ഇഷ്ടമുള്ളത് കുറച്ച് ബേക്കറിയും പാക്കറ്റ് സ്നാക്സും.
ആതിര: പിന്നെ എനിക്ക് അച്ഛൻ വാങ്ങി തരുന്ന ഫാസ്റ്റ്ഫുഡും ജങ്ക് ഫുഡും എല്ലാം ഇഷ്ടമാ.
അമ്മ: ഉം, അച്ഛനാ നിന്നെ ഇങ്ങനെ വഷളാക്കിയത്.
ആതിര: ഉറക്കം വരുന്നമ്മേ.
അമ്മ: ശരി, എന്നാൽ കട്ടിലിൽ പോയി കിടക്ക്. ഉം ചെല്ല്.

സീൻ 2
പകൽ / INT
അടുക്കള

ആതിരയുടെ അമ്മ അടുക്കളയിൽ പച്ചക്കറികൾ മുറിക്കുന്നു. അരികിലെ സ്റ്റാൻഡിൽ വെച്ച മോബൈൽ ഫോൺ ശബ്ദിക്കുന്നു. ഫോണിലൂടെ കേട്ട വാർത്തയിൽ അവർ ആകുലപ്പെടുന്നു.

സീൻ 3
പകൽ / INT
ആശുപത്രിയിലെ വാർഡ്

ആതിര കട്ടിലിൽ കിടക്കുന്നു. അവൾക്ക് ഡ്രിപ്പ് നല്കുന്നുണ്ട്.അടുത്ത് രണ്ട് ടീച്ചേഴ്സ് നില്ക്കുന്നു. അവർക്കരികിലേയ്ക്ക് ധൃതിപ്പെട്ട് നടന്നു വരുന്ന ആതിരയുടെ അമ്മ.
ടീച്ചർ: (ആതിരയുടെ അമ്മയുടെ കൈകൾ പിടിക്കുന്നു) പേടിക്കാനൊന്നുമില്ല,

അവൾ ഒന്നു തലചുറ്റി വീണതാ. ഇപ്പോൾ കുഴപ്പമൊന്നുമില്ല.കുറച്ച് കഴിഞ്ഞാൽ പോകാം.

ആതിരയുടെ അമ്മ അവൾക്കരികിലിരുന്ന് അവളെ തലോടുന്നു.

സീൻ 4
പകൽ / INT
ഡോക്ടറുടെ മുറി.

ആതിരയും അമ്മയും ഡോക്ടർക്ക് അഭിമുഖമായി ഇരിക്കുന്നു. ഡോക്ടർ അമ്മയിൽ നിന്നും അവളുടെ ഭക്ഷണ ശീലങ്ങൾ മനസ്സിലാക്കുന്നു.പ്രഭാത ഭക്ഷണത്തിന്റെ പ്രാധാന്യവും പച്ചക്കറികൾ, ഇലക്കറികൾ, പഴവർഗങ്ങൾ എന്നിവ കഴിക്കേണ്ടതിന്റെ ആവശ്യകതയും ജങ്ക് ഫുഡ്, സോഫ്റ്റ് ഡ്രിങ്ക്സ് എന്നിവ കഴിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുക്കളെ കുറിച്ചും ഡോക്ടർ ആ തിരയെ ബോധ്യപ്പെടുത്തുന്നു. ഒടുവിൽ രണ്ടു പേരും ഡോക്ടർക്ക് നന്ദി പറഞ്ഞ് പുറത്തേയ്ക്ക് നടക്കുന്നു.

The End

# ഉത്തരവാദിത്തബോധം

# 9th STD

## നല്ല കൂട്ടുകാർ

സീൻ 1
പകൽ / EXT
തിരക്കേറിയ റോഡ്

റോഡിലൂടെ വാഹനങ്ങൾ വേഗത്തിൽ കടന്നു പോകുന്നു. റോഡ് ക്രോസ് ചെയ്യാനാവാതെ ഒരു വൃദ്ധൻ ബുദ്ധി മുട്ടുന്നു. കുറെ സ്കൂൾ കുട്ടികൾ മറുവശത്ത് നിന്നും സീബ്രാലൈനിലൂടെ റോഡ് ക്രോസ് ചെയ്യുന്നു. അതിലൊരു കുട്ടി (മനു 13 വയസ്സ്)ഈ വൃദ്ധനെ ശ്രദ്ധിക്കുന്നു. അവൻ തിരികെ വന്ന് അയാളുടെ കൈ പിടിച്ച് റോഡ് ക്രോസ് ചെയ്യിക്കുന്നു. അയാൾ അവന്റെ ചുമലിൽ തട്ടി നന്ദി പറയുന്നു. അവൻ പുഞ്ചിരിച്ച് കൂട്ടുകാർക്കൊപ്പം ഓടിയെത്തുന്നു.

സീൻ 2
പകൽ/ EXT
സ്കൂൾ ഗേറ്റ്

മനുവും കൂട്ടുകാരും സ്കൂളിലേക്ക് കയറാൻ തുടങ്ങുമ്പോൾ അവന്റെ സുഹൃത്ത് രാജു (13വയസ്സ്)പിറകിൽ നിന്നും അവനെ വിളിക്കുന്നു. അവൻ നില്ക്കുമ്പോൾ കൂട്ടുകാർ സ്കൂളിലേയ്ക്ക് നടക്കുന്നു. (പശ്ചാത്തലത്തിൽ രാവിലത്തെ ലോങ്ങ് ബെൽ മുഴങ്ങുന്നു)
രാജു: എടാ ഇന്ന് നമുക്ക് ക്ലാസ് കട്ട് ചെയ്യാം. ടൗണിൽ സൂപ്പർ സർക്കസ് വന്നിട്ടുണ്ട്.
മനു:വേണ്ട രാജു,നമുക്ക് സ്കൂളിലില്ലാത്ത ദിവസം വീട്ടിൽ പറഞ്ഞിട്ട് അവരെയും കൂട്ടി പോകാം.
രാജു: ഇതു പോലൊരു പേടിത്തൊണ്ടൻ.
മനു: ചില കാര്യങ്ങളിൽ കുറച്ച് പേടിയൊക്കെ നല്ലതാ, നീ വേഗം വാ, ഫസ്റ്റ് പിരീഡ് കണക്കാണ്.
രാജു: എല്ലാ മൂഡും പോയി, ആ നടക്ക്.

അവർ രണ്ട് പേരും സ്കൂളിലേയ്ക്ക് നടക്കുന്നു. ഹെഡ്മാസ്റ്ററുടെ മുറിയുടെ പുറത്ത് മൂന്ന് കുട്ടികൾ നില്ക്കുന്നു. രാജു അവരോട് എന്തിനാ ഇവിടെ നില്ക്കുന്നതെന്ന് ആംഗ്യത്തിലൂടെ ചോദിക്കുന്നു.
ഒരു കുട്ടി: (പതിയെ പറയുന്നു.)ഒന്നും പറയേണ്ട മോനെ, ഞങ്ങൾ ഇന്നലെ ക്ലാസ് കട്ട് ചെയ്ത് സർക്കസിന് പോയി, ഒങ്ങ പിടിച്ചു. രക്ഷിതാവിനെ കൊണ്ടു വന്നാലെ ഇനി ക്ലാസിൽ കയറ്റത്തുള്ളൂ. ആകെ സീൻ ഡാർക്കായി.

രാജു മനുവിന്റെ തോളിൽ കൈയ്യിടുന്നു.
രാജു: നീ മനുവല്ലടാ മുത്താണ്.
രണ്ടു പേരും ചിരിച്ച് കൊണ്ട് ക്ലാസിലേക്ക് കയറുന്നു.

സീൻ 3
പകൽ /EXT
പലചരക്ക് കട

കടയിൽ നിന്നും പലചരക്ക് സാധനങ്ങൾ വാങ്ങുന്ന മനു. അവനെ കാത്ത് നില്ക്കുന്ന രാജു. സാധനങ്ങളുമായി അൽപസമയത്തിന് ശേഷം മനു പുറത്തേയ്ക്ക് വരുന്നു.രണ്ടുപേരും നടക്കുന്നു.
രാജു: നിന്റെ അച്ഛൻ സാധനങ്ങൾ വാങ്ങി വരില്ലേ?
മനു: അച്ഛൻ ജോലി കഴിഞ്ഞ് വരാൻ വൈകും. കടയിൽ പൈസ അച്ഛനാണ് കൊടുക്കാറ്.അമ്മ തയ്യാറാക്കുന്ന ലിസ്റ്റിലുള്ള സാധനങ്ങൾ ഞാൻ വാങ്ങിക്കും.
രാജു: ഞാൻ ഇതൊന്നും ചെയ്യാറില്ല. എല്ലാം അച്ഛനും അമ്മയും ചെയ്യും.
മനു: അങ്ങിനെ എല്ലാ പണികളും അവർക്ക് മാത്രം നല്കുന്നത് ശരിയല്ല. നമുക്ക് പറ്റാവുന്ന കാര്യങ്ങൾ ചെയ്യണം.
രാജു: നീയാളൊരു പഴഞ്ചനാണ്.
മനു: നമ്മുടെ വീട്ടുകാരെ സഹായിക്കുന്നതിൽ എന്താണ് തെറ്റ്, ഞാൻ അമ്മയ്ക്ക് മുറ്റം അടിച്ച് കൊടുക്കാറുണ്ട്, പിന്നെ വീട്ടിലെ പൂന്തോട്ടവും അടുക്കള തോട്ടവും ഞാൻ തന്നയാ എന്നും നനയ്ക്കുന്നത്.
രാജു: ഇതൊക്കെ ചെയ്തിട്ടും നിനക്ക് എല്ലാ പരീക്ഷയിലും എ പ്ലസും കിട്ടുന്നുണ്ടല്ലോ? എന്താടാ അതിന്റെ മാജിക്ക്?
മനു: ഇത് മാജിക്കും മന്ത്രവുമൊന്നുമല്ല, നമുക്ക് കിട്ടുന്ന സമയം വെറുതെ പാഴാക്കാതെ ശ്രദ്ധിച്ച് ഉപയോഗിച്ചാൽ ഇതെല്ലാം ചെയ്യാൻ ആർക്കും പറ്റും, പക്ഷേ മനസ്സുണ്ടാവണമെന്നു മാത്രം.
രാജു: ശരിയാ, ഞാൻ എത്രയോ സമയം വെറുതെ മോബൈലിൽ കളിച്ചും, ടി വി കണ്ടും, ദിവസവും പാഴാക്കുന്നുണ്ട്. ഇനി അതിനെല്ലാം ഒരു മാറ്റം വരുത്തണം.
മനു: നല്ല തീരുമാനം. എന്റെ എല്ലാ പിന്തുണയും ഉണ്ടാകും. അഹഹ വേല യലരൈ.
രാജു: Thank you. (അപ്പോഴേക്കും രാജുവിന്റെ വീട്ടിലേക്കുള്ള വഴിയിൽ അവർ എത്തിച്ചേരുന്നു.) എന്നാൽ ഞാൻ പോട്ടെ. നാളെ കാണാം. ബൈ.

# 8th STD

## സ്വയം ക്രമീകരണം

## മൊബൈൽ ഫോൺ

സീൻ 1
പകൽ / EXT
ഒരു കളിസ്ഥലം

അഭയ് (15വയസ്സ്) മൊബൈൽ ഫോണിൽ പരിസരം മറന്ന് സംസാരിച്ചുകൊണ്ട്, ഗ്രൗണ്ടിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.

സീൻ 2
പകൽ / INT
പഠനമുറി

അജയ് (15വയസ്സ്) മൊബൈൽ ഫോണിൽ നോക്കി നോട്ട്സ് എഴുതിയെടുക്കുന്നു.

സീൻ 3
രാത്രി / INT
കിടപ്പുമുറി

അഭയ് കട്ടിലിൽ ഇരുന്ന് പുഞ്ചിരിച്ച് കൊണ്ട് മൊബൈലിൽ ചാറ്റ് ചെയ്യുന്നു.

സീൻ 4
രാത്രി / INT
പഠനമുറി

അജയ് മൊബൈലിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു വീഡിയോ കാണുന്നു. ഇടയ്ക്ക് എഴുതുന്നു. വീണ്ടും വീഡിയോ പ്ലേ ചെയ്യുന്നു.

സീൻ 5
പകൽ / INT
പരീക്ഷാ ഹാൾ

ഇരുപതോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതാൻ ഇരിക്കുന്നു. അജയ് പ്രസന്നവദനനായിട്ടിരിക്കുന്നു. ടീച്ചർ ഹാൾ ടിക്കറ്റുകൾ പരിശോധിച്ച്, വിദ്യാർത്ഥികളുടെ ഒപ്പ് ശേഖരിക്കുന്നു.

സീൻ 6
പകൽ / EXT
സ്കൂൾ വരാന്ത

വരാന്തയിൽ നിന്ന് ടെക്സ്റ്റ് ബുക്ക് വേഗത്തിൽ മറിച്ച് നോക്കുന്ന അഭയ്, ടെൻഷൻ നിഴലിക്കുന്ന മുഖഭാവം.

Cut to

സീൻ 7
പകൽ / INT
പരീക്ഷാ ഹാൾ

അജയ് ഉത്തരക്കടലാസിൽ എഴുതിക്കൊണ്ടിരിക്കുന്നു, അവന് രണ്ട് ബഞ്ച് മുമ്പിലായി ഇരിക്കുന്ന അഭയ് ചോദ്യപേപ്പർ പിടിച്ച് തിരിഞ്ഞ് നോക്കുന്നു. ടീച്ചർ അവനെ ശ്രദ്ധിക്കുന്നു, നേരെയിരിക്കാൻ ആംഗ്യം കാണിക്കുന്നു. അവൻ നേരെയിരിക്കുന്നു, ചോദ്യപേപ്പറിൽ നോക്കി, തല ചൊറിയുന്നു. മറ്റു കുട്ടികൾ പരീക്ഷ എഴുതുന്ന തിരക്കിലാണ്. അവന് ഒന്നും എഴുതാൻ പറ്റുന്നില്ല.

സീൻ 8
പകൽ/ INT
സ്കൂൾ ഓഡിറ്റോറിയം

SSLC പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ചവർക്കുള്ള അനുമോദന യോഗം. അധ്യാപിക മുഴുവൻ A+ കരസ്ഥമാക്കിയ അജയിയെ സ്റ്റേജിലേക്ക് വിളിക്കുന്നു. കരഘോഷം മുഴങ്ങുമ്പോൾ അജയ് മുന്നോട്ട് വന്ന് മെമന്റോയും ക്യാഷ് അവാർഡും ഏറ്റുവാങ്ങുന്നു.അജയ് സദസ്സിനെ വണങ്ങുന്നു.

സീൻ 9
പകൽ / EXT
സ്കൂൾ ഗ്രൗണ്ട്

മൊബൈൽ ഫോണും പിടിച്ച് ഒറ്റയ്ക്കിരിക്കുന്ന അഭയ്, അവന്റെ അരികിലേക്ക് ക്ലാസ് മാഷ് വരുന്നു. മാഷിനെ കാണുമ്പോൾ അവൻ എഴുന്നേല്ക്കുന്നു, മൊബൈൽ പെട്ടെന്ന് പോക്കറ്റിലിടുന്നു.
മാഷ്: നിന്റെ തോൽവിയ്ക്ക് കാരണം ഈ മൊബൈൽ ഫോണാണ്, എപ്പോഴും ചാറ്റിങ്ങും ഗെയിമും, നിന്റെ വിലപ്പെട്ട സമയം നീ ഇതിലൂടെ പാഴാക്കി കളഞ്ഞു.അത് നല്ല രീതിയിൽ ഉപയോഗിച്ചിരുന്നെങ്കിൽ നല്ല മാർക്ക് വാങ്ങി നിനക്ക് പാസാകാമായിരുന്നു. വിഷമിച്ചിട്ട് കാര്യമില്ല, ഇനിയെങ്കിലും സമയം വെറുതെ നഷ്ടമാക്കാതെ, സ്വയം പരിശ്രമിച്ച് വിജയിക്കൂ.
അഭയ് :സോറി സാർ, പലതവണ സാറ് എന്നോട് പറഞ്ഞിട്ടും ഞാൻ കേട്ടില്ല,

അതാ ഇങ്ങനെ ആയത്.
മാഷ്: ഇനി കഴിഞ്ഞ കാര്യങ്ങൾ ചിന്തിച്ച് സമയം പോക്കാതെ, ഈ തോൽവിയെ വിജയത്തിന്റെ ചവിട്ടുപടിയാക്കി മുന്നേറാൻ ശ്രമിക്കൂ. മൊബൈൽ ഫോണിനെ സമയം കൊല്ലിയാക്കി മാറ്റാതെ, വിജ്ഞാനത്തിന്റെ ലോകം നിന്റെ വിരൽതുമ്പിൽ ഉണ്ടെന്ന് തിരിച്ചറിയൂ, All the best. may God bless you.

അഭയ്: Thank you sir, ഇന്നു മുതൽ ഞാൻ സമയം വെറുതെ പഴാക്കില്ല.
മാഷ്: ഓകെ, ഗുഡ്

The End

# 8th STD
## ശാരീരിക വളർച്ച
## ടീനേജ്

സീൻ 1
പകൽ/ EXT
ഡ്രെസ്സിംഗ് റൂം
വലിയ കണ്ണാടിയ്ക്കു മുമ്പിൽ നിന്നു കൊണ്ട് മുഖക്കുരു ഓരോന്നും തൊട്ടു നോക്കുന്ന വിദ്യാർത്ഥിനി. (മായ 15 വയസ്സ്) അവൾ കണ്ണുകൾ എഴുതുന്നു, പൗഡർ ഇടുന്നു.മുഖക്കുരു വീണ്ടും എണ്ണി നോക്കുന്നു, അസ്വസ്ഥയാവുന്നു.

സീൻ 2
പകൽ / EXT
സ്കൂളിലേക്കുള്ള വഴി

മായയും അവളുടെ സുഹൃത്ത് മഞ്ജുവും ചെമ്മൺപാതയിലൂടെ സ്കൂളിലേയ്ക്ക് നടന്നു വരുന്നു.
മായ: ഇന്നും പുതുതായി ഒന്നു രണ്ടെണ്ണം വന്നു.
മഞ്ജു: എന്ത് വന്ന കാര്യാ നീ പറയുന്നേ?
മായ മഞ്ജുവിനെ പിടിച്ച് നിർത്തുന്നു.
മായ: നീയെന്റെ മുഖത്തേയ്ക്ക് ഒന്നു നോക്കിയേ.
മഞ്ജു: എന്താ ഒന്നുമില്ലല്ലോ?
മായ: എടീ, ആകാശത്ത് നക്ഷത്രം തെളിഞ്ഞ് നിക്കണ പോലെ കുറെ കുരുക്കൾ കാണുന്നില്ലേ?
മഞ്ജു: ഓ, അത് മുഖക്കുരു അല്ലേ?
മഞ്ജു നടക്കാൻ തുടങ്ങുന്നു, മായ അവളെ പിടിച്ച് നിർത്തുന്നു.
മായ: എടീ, ഇത് കാരണം എന്റെ കോൺഫിഡൻസ് പോകുന്നു.
മഞ്ജു: ഇതൊരു പ്രായത്തിൽ വരും പിന്നെ പോകും, അതിലൊന്നും വലിയ കാര്യമില്ല.
മായ: നിനക്ക് അതൊക്കെ തോന്നും നിലാവ് വിരിഞ്ഞ പോലെ സുന്ദരമായ നിന്റെ മുഖത്ത് ഒറ്റയെണ്ണം ഇല്ലല്ലോ?
മഞ്ജു: എന്റെ പ്രശ്നം അതൊന്നുമല്ല, നീയെന്റെ ശബ്ദം ശ്രദ്ധിച്ചോ?
മായ: എന്തോ ഒരു മാറ്റമുണ്ട്. ജലദോഷമുണ്ടോ?
മഞ്ജു: ഞാനും ആദ്യം വിചാരിച്ചത് അങ്ങിനെയാണെന്നാ പക്ഷേ അതല്ല, പാട്ട് പഠിപ്പിക്കുന്ന ടീച്ചർ പറഞ്ഞു, ഈ പ്രായത്തിൽ ശബ്ദത്തിന് ചില മാറ്റങ്ങൾ സംഭവിക്കുമെന്ന്. പഴയ ശബ്ദം മതിയായിരുന്നു. ഇപ്പോൾ പാടാനും ചെറിയ പേടിയാ, വെള്ളി വീഴുമോ എന്ന്.
മായ: വെള്ളിയും സ്വർണ്ണവുമെല്ലാം അവിടെ നിൽക്കട്ടെ, ഇന്ന് നമുക്ക് ഗേൾസിന് ടീനേജ് മാറ്റങ്ങളെക്കുറിച്ച് സ്കൂളിൽ ഒരു ലേഡി ഡോക്ടറുടെ ക്ലാസ് ഉണ്ട്.
മഞ്ജു: ആണോ, എന്നാൽ എനിക്ക് കുറെ കാര്യങ്ങൾ ചോദിച്ചറിയണം.
മായ: പിന്നെ, ഈ അവസരം ശരിക്കും മുതലാക്കണം.ഒരു പാട് ചോദ്യങ്ങൾ എന്റെ മനസ്സിലുണ്ട്. വേഗം വാ, രാവിലെ തന്നെയാ ക്ലാസ്.
മഞ്ജു: അത് ശരി, ഇത്ര നേരം എന്നെ പിടിച്ച് നിർത്തിയിട്ട് ഇപ്പം ആളാവുന്നോ?
പതിയെ മായയുടെ കൈയ്ക്ക് അടിച്ചിട്ട് ഓടുന്നു.
മായ: ഒന്നു പതിയെ ഓടടീ, ഇന്നൊക്കെ എന്റെ നല്ല ദിവസങ്ങളാ.
മഞ്ജു: ഉം, അതാ ആമയെപ്പോലെ, അല്ലെങ്കിൽ മുയലിനെപ്പോലെ ഓടുന്ന ആളല്ലേ?
മായ:അവസാനം ആമ, തന്നെ ജയിക്കും മോളെ.
രണ്ടു പേരും ചിരിക്കുന്നു.

സീൻ 3

പകൽ /EXT
ക്ലാസ് മുറി

അമ്പതോളം പെൺകുട്ടികൾക്ക് ലേഡി ഡോക്ടർ ക്ലാസ് എടുക്കുന്നു. അവരുടെ ചോദ്യങ്ങൾക്ക് മറുപടി നല്കുന്നു.

സീൻ: 4
പകൽ / INT
സ്കൂൾ ക്യാൻറീൻ

മായയും അഞ്ജുവും ഓറഞ്ച് ജ്യൂസ് കുടിക്കുന്നു.
മായ: ഇപ്പഴാ സമാധാനമായത്.
മഞ്ജു: ഓറഞ്ച് ജ്യൂസ് കിട്ടിയപ്പോഴോ?
മായ: അല്ലെടി, ഡോക്ടറുടെ ക്ലാസ് കേട്ടപ്പോൾ, സമാധാനമായി, ഇപ്പോൾ ഒരു ടെൻഷനുമില്ല.
മഞ്ജു: സത്യാടീ, ഇത് കുറച്ച് നേരത്തെ കിട്ടിയാൽ വെറുതെ ടെൻഷനടിക്കണ്ടായിരുന്നു.
മായ: എല്ലാത്തിനും ഒരു സമയണ്ട് മുയലേ
മഞ്ജു: ശരി, ആമേ.
രണ്ടു പേരും ചിരിക്കുന്നു.

The End

# $6^{th}$ STD

## മാനസിക സാമൂഹിക വളർച്ച

## നിശബ്ദ സേവകൻ

സീൻ 1
പകൽ / EXT
സ്കൂൾ മുറ്റം

ഒരു ടേപ്പിൽ നിന്നും വെള്ളം പുറത്തേയ്ക്ക് പോകുന്നു. അതിനരികിലായി ഏതാനും വിദ്യാർത്ഥികൾ ക്രിക്കറ്റ് കളിക്കുന്നു. നാലഞ്ച് വിദ്യാർത്ഥികൾ ടേപ്പിനരികിലൂടെ കടന്നുപോകുന്നു, അവർ ടേപ്പിൽ നിന്നും പുറത്തേയ്ക്ക് ഒഴുകുന്ന വെള്ളം ചാടിക്കടന്നാണ് പോകുന്നത്. കാലിനുള്ള സ്വാധീന കുറവു കാരണം നടക്കാൻ പ്രയാസമുള്ള അനന്തു (10 വയസ്സ്) ദൂരെ മരച്ചുവട്ടിൽ ഇരുന്ന് ഒരു പുസ്തകം വായിക്കുകയാണ്. ഇതിനിടയിൽ അവൻ ടാപ്പിൽ നിന്നും വെള്ളം പോകുന്നത് കാണുന്നു.പതിയെ പ്രയാസപ്പെട്ട് നടന്നു വന്ന് ടാപ്പ് ഓഫ് ആക്കുന്നു. തിരികെ മരച്ചുവട്ടിലേയ്ക്ക് നടക്കുന്നു.

സീൻ 2
പകൽ/ INT
സ്കൂൾ വരാന്ത

ലോങ്ങ് ബെൽ അടിക്കുമ്പോൾ എല്ലാ കുട്ടികളും ക്ലാസിൽ നിന്നും ഇറങ്ങി ഓടുന്നു.അനന്തു ക്ലാസിൽ നിന്നും പുറത്തേയ്ക്ക് ഇറങ്ങുന്നതിന് മുമ്പ് ആ ക്ലാസിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഫാനുകളും ലൈറ്റുകളും ഓഫ് ആക്കുന്നു. അപ്പോഴേക്കും എല്ലാ വിദ്യാർത്ഥികളും ഓടിപ്പോയിട്ടുണ്ട്. വരാന്തയിലൂടെ അവൻ നടന്ന് ഓരോ ക്ലാസിലും കയറി, ഇതെല്ലാം ഓഫ് ചെയ്യുന്നു.

സീൻ 3
പകൽ/ EXT
സ്കൂൾ മൈതാനം

അഞ്ചാറ് വിദ്യാർത്ഥികൾ ഗ്രൗണ്ടിലൂടെ നടക്കുന്നു. അവർ ചോക്ലേറ്റ്, മിഠായി, ലേയ്സ്, എന്നിവ തിന്നുകൊണ്ടാണ് നടക്കുന്നത്. അതിന്റെയെല്ലാം കവറുകൾ അവർ ഗ്രൗണ്ടിൽ ഉപേക്ഷിക്കുന്നു. അവർക്ക് പിറകിലായി നടന്നു വരുന്ന അനന്തു ഈ കവറുകൾ കാണുന്നു. അവ ഓരോന്നും പെറുക്കിയെടുത്ത്.ഗ്രൗണ്ടിനു സമീപം വെച്ചിരിക്കുന്ന വേയ്സ്റ്റ് ബാസ്ക്കറ്റിൽ നിക്ഷേപിക്കുന്നു.

സീൻ 4
പകൽ / EXT
ഫുഡ്ബോൾ ഗ്രൗണ്ട്

ഗ്രൗണ്ടിൽ പല ഭാഗങ്ങളിലായി കുട്ടികൾ ചെറിയ ബോളു കൊണ്ട് ഫുഡ്ബോൾ കളിക്കുന്നു. ഓരോ കല്ലുകൾ പോസ്റ്റായി വച്ചാണ് അവർ കളിക്കുന്നത്. ഇതിനിടയിൽ

ഒരു ചെറിയ കുട്ടി ഓടുന്നതിനിടയിൽ കല്ല് തട്ടി വീഴുന്നു. അവൻ വലിയ വായിൽ

കരയുന്നെങ്കിലും ആരും ശ്രദ്ധിക്കുന്നില്ല. കളി കണ്ട് ദൂരെയിരിക്കുന്ന അനന്തു ഇത് കാണുന്നു. അവൻ വന്ന് ചെറിയ കുട്ടിയെ എഴുന്നേൽപ്പിക്കുന്നു. കാലിലെ പൊടിയെല്ലാം തട്ടി, അവനെയും കൂട്ടി നടക്കുന്നു.

Cut to

സീൻ 5

പകൽ/ INT

സ്റ്റാഫ് റൂം

ഒരു അധ്യാപിക കുട്ടിയുടെ മുറിവിൽ മരുന്ന് പുരട്ടുന്നു. വേദനിച്ച് കരയുന്ന കുട്ടിയെ ആശ്വസിപ്പിച്ച് അവനരികെ നിൽക്കുന്ന അനന്തു. ടീച്ചർ ഒരു ബാൻഡേജ് ഒട്ടിച്ച് കൊടുക്കുന്നു. കുട്ടിയുടെ പുഞ്ചിരിക്കുന്ന മുഖം.അനന്തു അവനൊപ്പം നടന്നു നീങ്ങുന്നു.

The End

## സുരക്ഷ
## വീഡിയോ കൊളാഷ്
## (എട്ടാംതരം )
### വേണ്ട ലഹരി

1

**വേണ്ട ലഹരി**

വാഹനത്തിലേക്ക് ചാടിക്കയറുന്ന ഡ്രൈവർ.

സീറ്റിലിരുന്ന് സീറ്റിനടിയിലേക്ക് പരതുന്നു...
കുപ്പി കൈയിലെടുക്കുന്നു.
ചുണ്ടിൽ നിന്ന് മാറ്റുന്ന രംഗം.( ക്ലോസ് ഷോട്ട്)
കുപ്പി വലിച്ചെറിയുന്നു.
കല്ലിൽ വീണ് കുപ്പി പൊട്ടി ചില്ലുകൾ വഴിയിൽ വീഴുന്ന ദൃശ്യം ...( ക്ലോസ് ഷോട്ട്)
അവിടവിടെ വഴിയിൽ കൂർത്തു നിൽക്കുന്ന ചില്ലുകൾ)

ചവിട്ടിപ്പോകാതിരിക്കാൻ ചില്ലുകൾ ഒഴിവാക്കുന്ന കാൽനടക്കാരന്റെ കാലുകൾ ( ക്ലോസ് ഷോട്ട്)

വാഹനം സാധാരണമല്ലാതെ (വളഞ്ഞ് പുളഞ്ഞ്)ഓടുന്നു...
പോസ്റ്റിൽ ഇടിച്ച് നിൽക്കുന്ന ദൃശ്യം.

( നിയമപ്രകാരമുള്ള മുന്നറിയിപ്പ് ചേർക്കണം )

ଃଃଃଃଃଃଃଃଃଃଃ

2

**കരാട്ടേ...**

സ്വീകരണമുറിയിൽ ടി.വി.കാണുന്ന കുട്ടി. റിമോട്ടിൽ വിരലമർത്തിക്കൊണ്ടിരിക്കുന്നു.
കരാട്ടേ പ്രദർശനം നടക്കുന്ന ചാനൽ എത്തിയപ്പോൾ റിമോട്ട് താഴെ ഇടുന്നു ...
ആവേശത്തോടെ കരാട്ടേ പരിപാടി കാണുന്ന കുട്ടി...
ഇരുന്ന ഇരിപ്പിൽത്തന്നെ ചലനങ്ങൾ അനുകരിക്കുന്നു. ഇടയ്ക്ക് ചാടി എഴുന്നേറ്റ് പ്രകടനങ്ങൾ....
കരാട്ടേ പ്രദർശനത്തിൽ ഓടുകൾ അടുക്കി വച്ച് കൈ കൊണ്ട് പൊട്ടിക്കുന്നു.
ആവേശഭരിതനായ കുട്ടി വീടിനു പുറത്തേക്കിറങ്ങുന്നു.കല്ല് എടുത്തു കൊണ്ടുവന്ന് അടുക്കി വെക്കുന്നു. അതിനു മുകളിൽ ഓട് അടുക്കി വെക്കുന്നു. ടി.വി.യിൽ കണ്ടതുപോലെയുള്ള മാനറിസങ്ങളോടെ കൈ കൊണ്ട് ഓടിനു മുകളിൽ ഇടിക്കുന്നു.
വലതു കൈ പിടിച്ചു കൊണ്ട് കുട്ടിയുടെ നിലവിളി....

പ്ലാസ്റ്റിട്ട കൈയുമായി ടി.വി.കാണുന്ന കുട്ടിയുടെ ദൃശ്യം....
സാഹസിക പരിപാടി അനുകരിക്കാൻ പാടില്ലെന്നും അതിന്റെ കാരണവും വിശദീകരിക്കുന്ന അവതാരകൻ ടി.വി.സ്ക്രീനിൽ.

ஃஃஃஃஃஃஃஃஃஃஃஃ

3

**ഡ്രൈവിംഗ്**

കാർ സ്റ്റാർട്ട് ചെയ്യുന്ന കൗമാരക്കാരൻ.
സ്റ്റീരിയോ ഓൺ ചെയ്യുന്നു. ശബ്ദം കൂട്ടി വെക്കുന്നു.
സീറ്റ് ബെൽറ്റ് ഇടാൻ വേണ്ടി എടുക്കുന്നു. ഇടുന്നില്ല.
ഫോൺ കൈയിലെടുത്ത് സംസാരിച്ചുകൊണ്ട് കാർ ഓടിക്കുന്നു. (അതിവേഗത്തിൽ വണ്ടി ഓടുന്നതിന്റെ ദൃശ്യം)
പെട്ടെന്ന് ബ്രേക്ക് ഇടുന്നു.
(ബ്രേക്ക് ചവിട്ടുന്നതിന്റെ ക്ലോസ് അപ്പ്)
സ്റ്റിയർ റിംഗിൽ നിന്ന് മുഖമുയർത്തുന്ന ഡ്രൈവർ.മുഖത്ത് ചോര.
കാറിന്റെ ബമ്പർ ഭാഗത്തിന്റെ മീഡിയം ക്ലോസ് ഷോട്ട്. അടിയിൽ ഒരു ഇരുചക്രവാഹനം അകപ്പെട്ടിരിക്കുന്നു.

**മേഖല:വ്യക്തിശുചിത്വം**
**എട്ടാംതരം**
**ഡോക്യുമെന്ററി**
**വ്യക്തി,വൃത്തി**

വ്യക്തി ശുചിത്വത്തെക്കുറിച്ച് അവതാരകയുടെ ആമുഖം. ലഘു പ്രഭാഷണത്തിനെത്തിയ ഡോക്ടറെ പരിചയപ്പെടുത്തുന്നു.പ്രഭാഷണത്തിന് ക്ഷണിക്കുന്നു.

ഡോക്ടറുടെ പ്രഭാഷണം തുടങ്ങുന്നു.

പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പോയിന്റുകളിൽ ഒതുങ്ങി നിന്നുകൊണ്ടുള്ള പ്രഭാഷണം.
(ക്യാമറ വ്യത്യസ്ത ആംഗിളുകളിൽ)

ശരീര ശുചിത്വം,
നിദ്രാ ശുചിത്വം,
ഭക്ഷണ സംബന്ധമായ ശുചിത്വം...
തുടങ്ങിയ മേഖലകളിലൂടെ കടന്നുപോകുന്ന പ്രഭാഷണം.

പോയിന്റുകളിൽ ദൃശ്യസാധ്യതയുള്ളവ ചിത്രീകരിച്ച്
പ്രഭാഷണത്തിനിടയിൽ ചേർത്തുവെക്കാം.
(പ്രഭാഷണം ചിത്രീകരിച്ചതിനു ശേഷം അതിലുൾപ്പെട്ട ദൃശ്യസാധ്യതകളെ മുൻനിർത്തി വിശദമായ ഷൂട്ടിംഗ് സ്ക്രിപ്റ്റ് ഒരുക്കാം)

**മേഖല: സ്വയം ക്രമീകരണം**

**എട്ടാം തരം**

**ദേഷ്യം**

സ്കൂളിന്റെ പശ്ചാത്തലം...
പരീക്ഷയുടെ അന്തരീക്ഷം.
കുട്ടികൾ കൂട്ടമായി നിന്ന് ചോദ്യപേപ്പർ ഡിസ്കസ് ചെയ്യുന്നു.
മരത്തിൽ ചാരി ഒറ്റയ്ക്കു നിന്ന് ചോദ്യപേപ്പറിലേക്ക് കണ്ണോടിക്കുകയാണ് നീരജ് ... സങ്കടം സ്ഫുരിക്കുന്ന മുഖം.
നീരജിനടുത്തേക്ക് നടന്നു വരുന്ന ബാലു (സജഷൻ ഷോട്ട് നൽകാം)
(ബാലുവിലേക്ക് ഷിഫ്റ്റ് )
ബാലു:എന്താണൊരു ശോകം...
നീരജ്: ഒന്നും എഴുതാൻ കഴിഞ്ഞില്ല...
ബാലു: എന്തു പറ്റി...
നീരജ്: ഇന്നലെ വീട്ടിൽ ഞാൻ അനാവശ്യമായ പ്രശ്നങ്ങളുണ്ടാക്കി... (വിദൂരതയിലേക്ക് നോക്കി) എല്ലാവരുടേയും സന്തോഷം കളഞ്ഞു ... ( കട്ട് റ്റു ലിവിംഗ് റൂം)
ടി.വി.യിൽ പരിപാടി കാണുന്ന നീരജ്.
സ്വീകരണമുറിയിലേക്ക് അവന്റെ അമ്മ കടന്നു വരുന്നു.
അമ്മ: നീരജ് ... നാളെ പരീക്ഷയല്ലേ... ടി.വി കണ്ടോണ്ടിരുന്നാൽ പരീക്ഷയ്ക്കെന്തെഴുതും? എഴുന്നേറ്റ് പോ...

നീരജ് രോഷത്തോടെ ചാടി എഴുന്നേൽക്കുന്നു ... അമ്മയെ തുറിച്ചു നോക്കി കസേര ചവിട്ടിമറിച്ചിടുന്നു.
അമ്മയുടെ കാലിന് പരിക്കേൽക്കുന്നു.( കട്ട് റ്റു സ്കൂൾ)

നീരജ്: അമ്മ ഇപ്പോഴും ആശുപത്രിയിൽത്തന്നെയാ... കാലിന് പ്ലാസ്റ്ററിടേണ്ടി വന്നു... (കണ്ണ് നനയുന്നു)
ബാലു:ടി.വിയിൽ വേറെയും നല്ല പരിപാടികളൊക്കെ വരുന്നുണ്ട്... നമുക്കൊക്കെ പ്രയോജനപ്പെടുന്നവ... അതും കാണണം... (Cut to ടെലിവിഷൻ സ്ക്രീൻ...
(ഡോക്ടറുടെ പ്രഭാഷണം ... )
താഴെ പറയുന്നവ ഉൾപ്പെടുത്തിക്കൊണ്ട് ...
( 1.ദേഷ്യം, സങ്കടം തുടങ്ങിയ വികാരങ്ങൾ പ്രകടിപ്പിക്കേണ്ടതുണ്ടോ, ഉണ്ടെങ്കിൽ എങ്ങനെയാണ്?
2. സമൂഹജീവി എന്ന നിലയിൽ വൈകാരിക നിയന്ത്രണം പാലിക്കേണ്ടത് എങ്ങനെ...
3 സഹിഷ്ണുതയോടെയുള്ള പെരുമാറ്റം.
4 വ്യക്തി തന്റെ ചിന്താശേഷിയെയും പ്രവർത്തനങ്ങളെയും തടസ്സപ്പെടുത്തുന്ന രീതിയിൽ വികാര വിക്ഷുബ്ധനായാൽ അത് അയാളെ ദോഷകരമായി ബാധിക്കാം.)

## STD 6

## ചിറകുകൾ

### മേഖല: ശാരീരിക വളർച്ച

സീൻ 1

വീട്

തിണ്ടിൽ ഒതുങ്ങിക്കൂടി ഇരിക്കുന്ന സിന്ധു മുറ്റത്ത് കുട്ടികൾ കളിക്കുന്നു.

'ആരെ നിങ്ങൾക്കാവശ്യം ആവശ്യം അതിരാവിലെ '

ബിനുവിനെ ഞങ്ങൾക്കാവശ്യം ആവശ്യം അതിരാവിലെ ..'

ബിനുവിനെ എതിർ ടീം പിടിക്കുന്നു

സിന്ധു കൗതുകത്തോടെ നോക്കി ഇരിക്കുന്നു.

ടീം എ യിലെ ഒരു കുട്ടി ..

'ശ്ശെ നമ്മളിതിലും. പൊട്ടും.. ആ സിന്ധു ഇറങ്ങാഞ്ഞിട്ടാ. അവള് ഉള്ളപ്പോ നമ്മളല്ലേ എന്നും ജയിക്കാറ്'

കുട്ടി 2: 'സിന്ധു വാടീ ... കളിക്കാം നമക്ക്"

സിന്ധു .. തലയാട്ടി സങ്കടത്തോടെ ഇരിക്കുന്നു.

കുട്ടി: 3. " ഈ പെണ്ണിന് എന്താ പറ്റീത്.ഇതിലൊക്കെ മുന്നിലേർന്നൂലോ.

ടീം B യിലെ ആൺകുട്ടി..

' അവളിപ്പോ ഞങ്ങളോട് മിണ്ടാറേ ഇല്യ. ഭയങ്കര പത്രാസാ.

സിന്ധു തല താഴ്ത്തി അകത്തേക്ക് കയറുന്നു.

സീൻ 2

അമ്മമ്മ മുറുക്കാനിടിക്കൽ'

സിന്ധു ഓടിച്ചാടിക്കയറി വരുന്നു.

അമ്മമ്മ .. വലുതായാല് പെങ്കുട്ട്യോള് നിലമറിയാതെ നടക്കണംന്നാ.ചൊല്ല്. അടക്കോം ഒതുക്കോം വേണം.

സിന്ധു തല താഴ്ത്തി നിൽക്കുന്നു.

സീൻ 3

മുറി.

സിന്ധു കണ്ണാടിയിൽ ചാഞ്ഞും ചെരിഞ്ഞും നോക്കുന്നു. ശരീരം വളർന്നതറിഞ്ഞ അസ്വസ്ഥ ഭാവങ്ങൾ. കൈ രണ്ടും മാറിൽ പിണച്ചുവെച്ച് നിൽക്കുന്നു. ചുവരിലെ ഷെൽഫിലെ കപ്പും മെഡലും കാണുന്നു. തലോടുന്നു. തിരികെ വെക്കുന്നു. മുറിയുടെ മൂലയിൽ കുനിഞ്ഞു കൂടിക്കരയുന്നു.

സീൻ 4

ടീച്ചർ വീട്ടിലേക്കു വരുന്നു.

സിന്ധുവിന്റെ അമ്മ സ്വീകരിക്കുന്നു.

സീൻ 5.

ചായ കുടിക്കുന്ന ടീച്ചർ

' ഞാൻ വന്നത്, ..

കഴിഞ്ഞ വർഷം കായിക മേളയിലും കലാമേളയിലും ഒക്കെ മുന്നിലുണ്ടായിരുന്ന കുട്ടിയാണ് സിന്ധു. ഇപ്പോഴവൾ ഗ്രൗണ്ടിലേക്കെന്നല്ല, ക്ലാസിനു പുറത്തേക്കു പോലും

പോവുന്നില്ല. എന്താണ് പ്രശ്നം എന്നറിയണം"

സിന്ധുതല താഴ്ത്തുന്നു.കണ്ണീർ ..

സീൻ 6

ടീച്ചറും സിന്ധുവും കൽപടവുകളിൽ

‘ ഇത്രേയുള്ളൂ?, ഇത് വളർച്ചയുടെ ഒരു ഘട്ടമാണ്. എന്നും കുഞ്ഞായി ഇരിക്കാൻ പറ്റില്ലല്ലോ.കൗമാരം എത്തുമ്പോൾ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ശരീരത്തിൽ മാറ്റങ്ങൾ ഉണ്ടാവും. . ഹോർമോൺ വ്യതിയാനങ്ങൾ വരും. അതിനെക്കുറിച്ച് കൂടുതലറിയാൻ നമുക്ക് കൗൺസിലറുടെ അടുത്ത് പോവാം.

സീൻ 7.

കൗൺസിലർ.

ഫാക്ക് ക്ലാസ്

ഇതൊക്കെ തികച്ചും സ്വാഭാവിക മാറ്റങ്ങൾ മാത്രമാണ്. അതിനെ പറ്റിയൊന്നും ചിന്തിക്കാതെ പഴയ പോലെ സ്മാർട്ടായി നടക്കണം. മൽസരങ്ങളിൽ പങ്കെടുക്കണം. കേട്ടല്ലോ

സീൻ.8

കുട്ടികളോടൊപ്പം കളിക്കുന്ന സിന്ധു

## STD 6

### ചങ്ങാതി

### മേഖല: മാനസിക വളർച്ച.

സീൻ 1.

സൈക്കിളിൽ റോന്തുചുറ്റുന്ന കുട്ടികൾ. ഒരു വീടിനു മുന്നിലെ തണൽമരത്തിനു ചുവട്ടിൽ ക്ഷീണിച്ച് ഇരിക്കുന്നു.

റിനു: ഹൊ, ഇത്തിരി ഇരുന്നിട്ട് പോവാം. കയ്യും കാലും കടയുന്നു.

രാജു: ദാഹിച്ചിട്ട് വയ്യ. വെള്ളണ്ടോടാ.ആരടെങ്കിലും കയ്യിലുണ്ടോ.

സലിം .. എനിക്കും വേണം. തൊണ്ട പൊരിയുണു.

റിനു.. നമ്മക്ക് ആ വീട്ടിൽ പോയി ചോദിക്കാം.

സീൻ 2.

ഒരു ചെറിയ വീട്.വീടിന്റെ തിണ്ണയിൽ കളർ പെൻസിൽ, പേപ്പർ തുടങ്ങിയവ.

മുറ്റത്തെത്തിയ കുട്ടികൾ

റിനു.. ഇവിടെ ആരൂല്ലേ. ചേച്ചീ... ഹലോ.

അകത്തുനിന്ന് ഒരു ശബ്ദം.

'ദാ വരണൂ '

ഒരു കുട്ടി നിരങ്ങി നീങ്ങിവന്ന് തിണ്ണയിൽ ഇരുന്ന് ചിരിക്കുന്നു.

' കേറി ഇരിക്ക് .അമ്മ ഇപ്പോ വരും.'

അമ്മ പിറകിൽ നിന്ന് ഓടി വരുന്നു.

'ആരാ, മോനേ.. എന്താ മക്കളെ വേണ്ടത് ?'

റിനു.. 'ഞങ്ങക്കിത്തിരി വെള്ളം വേണായിരുന്നു. സൈക്കിളോട്ടി ഇതിലെ വന്നതാ.'

അമ്മ.. 'ആഹാ, അത്രേള്ളൂ. മക്കള് വാ. ഞാൻ കിണറ്റീന്ന് കോരിത്തരാം. നല്ല തണുപ്പും ഉണ്ടാവും.'

സീ ൻ. 3

കിണർ പരിസരം

വെള്ളം കുടിച്ചതിനു ശേഷം ..

സലിം .. ആ കുട്ടി സ്കൂളിൽ പോണില്ലെ .

അമ്മയുടെ മുഖം വാടുന്നു.

അമ്മ' അവന് നടക്കാൻ വയ്യ. സ്കൂളില് വന്നാൽ ആരാ അവനെ നോക്കാനുള്ളത്. നിങ്ങടെ സ്കൂളിൽ പേരൊക്കെ കൊടുത്തിട്ടുണ്ട്. പക്ഷെ

റിനു.. ' ഞങ്ങള് നോക്കാലോ. രാവിലെ സ്കൂളിലെത്തിച്ചു തന്നാല് വൈകുന്നേരം വരെ ഞങ്ങളുണ്ടാവും.

അമ്മ: 'നിങ്ങൾക്ക് ബുദ്ധിമുട്ടാവില്ലെ? അവൻ ഇവിടെ ഇരുന്ന് ചിത്രങ്ങൾ വരക്കും. വായിക്കും. എന്റെ കാലം കഴിഞ്ഞാ എന്താ ചെയ്യാ അറിയില്ല.'

സലിം .. 'അവനെ സ്കൂളിൽ വിടണം അമ്മെ .പഠിക്കാലോ. പിന്നെ എന്തെങ്കിലും വർക്കുകളും ചെയ്യാം.
രാഹുൽ.. ' അമ്മ പേടിക്കണ്ട. ഞങ്ങളുണ്ട് കൂടെ.
അമ്മ കണ്ണൊപ്പുന്നു.
' മക്കളേ, എത്ര വലിയ കാര്യാന്നറിയോ നിങ്ങളീ പറഞ്ഞത്. സന്തോഷം. ഇതു കേട്ടാല് അവനും സന്തോഷാവും.'
സീൻ 4
കുട്ടികളോടൊപ്പം വീൽച്ചെയറിൽ കുട്ടി.
കളി കാണുന്നു. ഇടയ്ക്ക് റിനു പന്ത് എറിഞ്ഞു കൊടുക്കുന്നു. കുട്ടി സന്തോഷത്തോടെ പന്ത് പിടിക്കുന്നു. ചിരിക്കുന്നു. എല്ലാ കുട്ടികളും നിറഞ്ഞ ചിരിയോടെ അവന്റെ അടുത്തേക്കു വരുന്നു

# Std 6

## കൈ കഴുകാം

## മേഖല: വ്യക്തിശുചിത്വം

സീൻ 1

കേക്ക് മുറിക്കുന്ന റീന. കേക്ക് ഭംഗിയായി മുറിച്ച് പ്ലേറ്റിൽ വെക്കുന്നു. കളി കഴിഞ്ഞ് ഓടി വരുന്ന രാഹുൽ 'ബാറ്റ് വലിച്ചെറിഞ്ഞ് കേക്ക് എടുക്കാനോടുന്നു. പെൺകുട്ടിപ്ലേറ്റ് മാറ്റുന്നു.

റീന.. 'അയ്യേ, ഈ ചെക്കൻ കൈ കഴുകാതെ വരണ കണ്ടില്ലേ .ഞാൻ തരില്ല

രാഹുൽ.. എടീ, ഒരെണ്ണം തിന്നട്ടെ .വെശന്നിട്ട് വയ്യ. എന്നിട്ട് കൈ കഴുകാം.

പ്ലേറ്റിനു വേണ്ടിയുള്ള മത്സരം തുടരുന്നു.

അമ്മ വരുന്നു.

അമ്മ :' എന്താ ഇവിടെ ഇത്ര ബഹളം?'

രാഹുലേ നീ അവളോട് വഴക്കിന് പോയോ?

രാഹുൽ.' ഈ റീന എനിക്ക് കേക്ക് തരുന്നില്ല'

അമ്മ: 'എന്താ മോളേ, അവന് ഒരുകഷണം കൊടുത്തൂടെ?'

റീന.. ' അമ്മ അവന്റെ കയ്യൊന്ന് നോക്കൂ. കളി കഴിഞ്ഞ് വരുന്ന വഴിയാ. കൈ കഴുകിയാലേ തരൂ ന്ന് ഞാൻ പറഞ്ഞു. '

അമ്മ' ആഹാ, കൊള്ളാമല്ലോ. കൈ നോക്കട്ടെ'

രാഹുൽ കൈ നീട്ടിക്കാണിക്കുന്നു.

അമ്മ ഒരു പഞ്ഞിക്കഷണം കൊണ്ട് തുടച്ചു കാണിക്കുന്നു. നിറയെ ചെളി .

അമ്മ' ദാ,നോക്ക്, കൈ കഴുകാതിരുന്നാൽ ഭക്ഷണത്തോടൊപ്പം ഇതെല്ലാം വയറ്റിലെത്തും. രോഗകാരികളായ എത്രയെത്ര സൂക്ഷ്മാണുക്കളാ നമ്മുടെ ശരീരത്തിലേക്കു കയറാൻ നോക്കി നടക്കുന്നത് എന്നറിയാമോ.. മാത്രമല്ല കൈ കൊണ്ട് മുഖത്ത് സ്പർശിക്കുന്നതും അപകടകരമാണ്. അതുകൊണ്ടാണ് കൈകഴുകണം എന്നു പറയുന്നത്.

റീന :എങ്ങനെ കഴുകണം എന്നുകൂടി പറഞ്ഞു കൊടുക്കൂ അമ്മെ.

അമ്മ: സോപ്പുപയോഗിച്ച് 20 സെക്കന്റ് കൈ കഴുകണം.ദാ ഇങ്ങനെ .

കൈ കഴുകൽ ഘട്ടങ്ങൾ

രാഹുൽ സോപ്പ് എടുത്ത് കൈ നന്നായി കഴുകന്നു. എന്നിട്ട്

'ദാ, ക്ലീൻ ഹാൻഡ്സ്.ഇനി എനിക്ക് കഴിക്കാലോ..

റീന :ഓ. യെസ്.ഇതാ എടുത്തോ

മുറ്റത്തു നിന്നു കളിക്കുന്ന രാഹുൽ .കാലിലെ കുരു പൊട്ടുന്നു ചോര ഒഴുകുന്നു.

റീന : യ്യോ, ചോര വാ കഴുകിത്തരാം.

രാഹുൽ നിലത്തു കിടക്കുന്ന പേപ്പർ കഷണമെടുത്ത് തുടക്കുന്നു.

' വേണ്ട, വെള്ളം തട്ടിയാൽ നീറും. ഞാൻ തുടച്ചു.

റീന :ചെക്കാ, ആ പേപ്പറില് എത്രാള് ചവിട്ടിട്ടുണ്ടാവും. രോഗാണുക്കള് ശരിത്തിൽ കേറില്ലെ. അമ്മേ, അമ്മേ ഈ ചെക്കന് ഒരു വൃത്തിം ഇല്ല.

രാഹുൽ.. ഓ പിന്നെ, ചേച്ചിണ്ടലോ ഒരു വൃത്തി ഭൂതം. ഞാനെയ് ദിവസോം കൂളിക്കാറുണ്ട്.
റീന :കുളിമാത്രായിട്ട് കാര്യം ഇല്ല.
നിന്റെ നഖങ്ങള് നോക്കൂ. എത്ര കാലായി വെട്ടീട്ട്?
രാഹുൽ.. അതിനെന്താ, എനിക്ക് നഖം വളർത്താൻ ഇഷ്ടാ
അമ്മ വരുന്നു.
അമ്മ : എന്താ, ആകെ‌ാരു വഴക്കും ബഹളോം?
റീന.. അമ്മ നോക്കൂ ഇവന്റെ കൈകളിലെ നഖങ്ങള് ചളി പറ്റി ഇരിക്കുണു. അത് പറഞ്ഞേനാ
അമ്മ: ആഹാ, ഇതിനിയും വെട്ടീലെ ഈ ചളികൾക്കിടയിൽ കുറേ താമസക്കാരുണ്ടാവും. ഭക്ഷണത്തോടൊപ്പം അവരും വയറ്റിലെത്തും. വിരശല്യം, വയറുകടി തുടങ്ങി നിരവധി അസുഖങ്ങൾ'
കാലിൽ എത്ര ചെളിയാ .  ഇത് നന്നായി തേച്ചു കഴുകിക്കളയണം.
രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നത് പല വഴികളിലൂടെയാണ്.പിന്നെ കളി മുടങ്ങും സ്കൂൾ മുടങ്ങും അതിലും നല്ലത് ശുചിത്വം പാലിക്കലല്ലെ'
രാഹുൽ.. ഹൊ, ഞാനിപ്പൊ തന്നെ നഖം വെട്ടാം. പോരെ.
റീന.. ' അതു മാത്രല്ല. ഇന്ന് ഇവൻ സൈക്കിളുമായി മാസ്ക് വെക്കാതെ പുറത്തിറങ്ങി '
രാഹുൽ.. 'യ്യോ, ഞാൻ പോണ വഴിയിൽ വേറെ ആരും ഉണ്ടായിരുന്നില്ല. പിന്നെന്താ
റീന.. ' അങ്ങനെയല്ലല്ലോ ചെയ്യേണ്ടത്.  നമ്മൾ എങ്ങോട്ടു പോവാണെങ്കിലും മാസ്ക് വെക്കണം.നിർബ്ബന്ധമാണ്.
അമ്മ.. 'മോനേ, ചേച്ചി പറയുന്നത് ശരിയാണ്. നമ്മളെന്തിനാണ് മാസ്ക് ധരിക്കുന്നത് പറഞ്ഞേ,
രാഹുൽ.. " അതു പിന്നെ, അവരുടെ ശരീരത്തിലെ രോഗാണു നമ്മളിലേക്കു വരാതിരിക്കാൻ.
അമ്മ.." ഉം അതു മാത്രമല്ല, വായുവിലെ രോഗാണുക്കൾ ,പ്രവേശിക്കാതിരിക്കാനും പിന്നെ നമ്മുടെ ശരീരത്തിലെ രോഗാണുക്കൾ പുറത്തേക്കു പോവാതിരിക്കാനും മാസ്ക് വെയ്ക്കണം.
അതും ശരിയായ രീതിയിൽ ധരിക്കുകയും അഴിക്കുകയും വേണം'
രാഹുൽ.. ' ഓഹോ, ഈമാസ്ക് ഇത്രയും ഹീറോ ആണല്ലേ."

# Std 6

## നല്ല വഴി

### മേഖല: സുരക്ഷ

സീൻ 1
സ്കൂളിലേക്കു വരുന്ന കുട്ടികൾ
വഴിയരികിൽ നിന്ന് വർണശബളമായ ഒരു പാക്കറ്റ് കയ്യിലെടുത്ത് തിരിച്ചും മറിച്ചും നോക്കുന്ന ഒരു കുട്ടി.
ഒരു കുട്ടി .. എന്താടാ അത്? അച്ചാറാണോ.
രണ്ടാമൻ ..പുളിങ്ങപ്പൊടിടെ പാക്ക് പോലെണ്ട്
മൂന്നാമൻ അതു വാങ്ങി പരിശോധിക്കുന്നു.
‘ ടാ ഇത് മറ്റവനാ. ‘
കുട്ടി.. ‘ഏതവൻ, ?‘
മൂന്നാമൻ: ലഹരിപ്പൊടി, ഹാൻസ്, പാൻപരാഗ് എന്നൊക്കെ കേട്ടിട്ടിണ്ടോ. അതിൽ പെട്ടതാ‘
ഒന്നാമൻ: ‘ഓചുണ്ടിനടിയിൽ വെക്കുന്ന സംഭവം.‘
രണ്ടാമൻ: ‘നമുക്കൊന്ന് ട്രൈ ചെയ്താലോ. എന്താ രസം എന്നറിയാലോ ”
നാലാമൻ’.”എടാ വേണ്ട, ഇനിക്ക് പേടിയാ‘
ല്ലേ, ഇതൊക്കെ ഒന്നറിഞ്ഞിരിക്കണത് നല്ലതാ.”
ഒന്നാമൻ ‘ പൊളിക്കാം അല്ലെ ‘
മൂന്നാമൻ: ‘നിങ്ങക്കിത്ര ബുദ്ധി ഇല്ലാതായോ, ഈ കവറിൽ തന്നെ എഴുതിയിട്ടുണ്ട്. ഹാനികരമാണെന്ന്. സിനിമകളുടെ ഒക്കെ മുന്നിലും കാണാം.‘
രണ്ടാമൻ .. ‘ അതിന് നമ്മളിത് സ്ഥിരം ആക്കാനൊന്നും പോണില്ലല്ലോ. നീ പൊളിച്ചാ .‘
മൂന്നാമൻ: എൻറച്ഛൻ പറഞ്ഞു തന്നിട്ടുണ്ട്. എല്ലാ ദുശീലങ്ങളും ഇങ്ങനെയാണ് തുടങ്ങുക എന്ന് . ആദ്യം രസത്തിന്, പിന്നെ ശീലമായി മാറും. അങ്ങനെ നമ്മൾ അടിമകളായി മാറും. നാടിനും വീടിനും വേണ്ടാതെ ഒന്നോർത്തു നോക്കൂ ”
ഒന്നാമൻ: ‘ശരിയാ, നമുക്കിതൊന്നും വേണ്ട ടാ. കളഞ്ഞേക്ക്‘
രണ്ടാമൻ: ’ഇത്രയും പ്രശ്നക്കാരനാണെങ്കില് ഇതിവിടെ ഇടുന്നില്ല. പിറകെ വരുന്നവർക്ക് എടുക്കാൻ തോന്നിയാലോ. സ്കൂളിൽ പോയി മാഷിനെ ഏൽപ്പിക്കാം.‘
സീൻ 2
സ്കൂൾ ഓഫീസ്
മാഷ് ‘ മിടുക്കൻമാർ, ഇത്തരം സന്ദർഭങ്ങളിൽ സ്വയം നിയന്ത്രിക്കാൻ കഴിയുന്ന ഒരു തലമുറയാണ് നാടിനു വേണ്ടത്. അഭിമാനിക്കുന്നു. നിങ്ങളെ ഓർത്ത്‘

# Std 6

## ബർഗർ

### മേഖല: പോഷകാഹാരം.

സീൻ 1

ക്ലാസ് റൂം.

രാവിലെ ക്ലാസ് തുടങ്ങുന്നതിനു മുൻപുള്ള അന്തരീക്ഷം. നോട്ടു പകർത്തൽ, കളികൾ ലരേ. ഒരു കുട്ടി ബോർഡിൽ കാർട്ടൂൺ വരക്കുന്നു. ഉടൽ തടിച്ച ചെറിയ തലയുള്ള ആൺകുട്ടിയുടെ ചിത്രം. കുറച്ചു പെൺകുട്ടികൾ നോക്കി വാ പൊത്തി ചിരിക്കുന്നു. ഈ സമയത്ത് വാതിൽക്കൽ എത്തുന്ന ആൺകുട്ടി. തടിച്ച ദേഹം. ബോർഡിലെ ചിത്രം കണ്ട് ദേഷ്യം വരുന്നു. വരയ്ക്കുന്ന കുട്ടിയുമായി അടി.പിടിച്ചു മാറ്റൽ.

വരച്ച് അടി കൊണ്ടവൻ.. പോടാ, ആനഗണേശാ. തടിയാ.

ഗണേശ് .. ദേഷ്യം വന്ന് വീണ്ടും മുന്നോട്ടായുന്നു. ദത്തൻ പിടിച്ചു മാറ്റി ബെഞ്ചിലിരുത്തുന്നു.

ദത്തൻ: 'നിനക്കിതെന്തിന്റെ കേടാടാ. അവന്റെ സ്വഭാവം അറിയില്ലെ .മാഷ് കണ്ടോണ്ട് വന്നാ നല്ല ചേലായിരുന്നു."

ഗണേശൻ .. 'പിന്നെ, എത്രയാന്നു വെച്ചിട്ടാ സഹിക്കാ. എപ്പഴും അവന് എന്നെ കളിയാക്കലാ പണി. വെച്ചിട്ടുണ്ട് ഞാൻ, കിട്ടും എന്റെ കയ്യില് .'

ദത്തൻ .. 'എടാ, ഈ തല്ലൂടാൻ പോണേനു പകരം എന്തെങ്കിലും എക്സർസ!!ൈ!!സൊക്കെ ചെയ്ത് തടി കുറച്ചാ പോരെ. അവനോടുള്ള പ്രതികാരോം ആയി, അസുഖങ്ങള് വരൂല്ലാ.'

ഗണേശൻ .. 'ഞാൻ ശ്രമിക്കാഞ്ഞിട്ടാണോ . പക്ഷേ ഈ ബർഗറ്, മൊജിറ്റോ, ഷവർമ എന്നൊക്കെ ഓർക്കുമ്പോ കൺട്രോള് പോവും. ജിമ്മിലും ചേർന്നതാ. പക്ഷെ ഉറക്കത്തില് പെട്ട് എണീക്കാൻ മറക്കും.'

ദത്തൻ: 'നിന്റെ പ്രശ്നം ഞാൻ തീർത്ത് തരാം. നാളെ ശനിയാഴ്ച അല്ലേ. രാവിലെ ന്റെ വീട്ടിക്ക് വാ .നല്ല പോഷക ഗുണങ്ങളുള്ള ബർഗറും മൊജിറ്റോം ഒക്കെ ഉണ്ടാക്കാൻ പഠിപ്പിച്ച് തരും ന്റെ അമ്മ. വ്യായാമം അച്ഛനും '

ഗണേശൻ: ' ആണോ, എന്നാ ഞാൻ എപ്പ എത്തീന്ന് നോക്കിയാ മതി.'

സീൻ 2

വൃത്തിയുള്ള ഒരു അടുക്കള മൺപാത്രത്തിൽ അരിഞ്ഞു വെച്ച കാബേജ്, കാരറ്റ്, ഉള്ളി. മറ്റൊന്നിൽ ഇഡലി.

തക്കാളി സോസ് ,ഇലക്കറികൾ

ദത്തന്റെ അമ്മ ഇഡലിനെടുകെ മുറിക്കുന്നു.

കുട്ടികൾ ലിവ്യേ.

ദത്തൻ: 'ദാ, നോക്കിക്കോ ഈ വീട്ടിലെ സൂപ്പർ ഷെഫ് ആണ് ഈ നിൽക്കുന്നത്. '

അമ്മ: ഉം ഉം. സോപ്പൊന്നും വേണ്ട. അസിസ്റ്റന്റ്സ്എന്നെ ഒന്ന് ഹെൽപ്പ് ചെയ്യൂ '

ദത്തൻ .. ' വാ. നമുക്കീ ഇലകളൊന്ന് അരിഞ്ഞ് വഴറ്റി എടുക്കാം. ഈ പച്ചക്കറികളും ഇലക്കറികളും ഒക്കെ എന്റെ കൂടി അധ്വാനഫലാണ് ട്ടോ. ഇത് കഴിഞ്ഞാ അങ്ങോട്ടു പോവാം.'

അമ്മ ഇഡലി ക്കീറുകൾക്കിടയിൽ സോസും വെജിറ്റബിൾസും ഇലക്കറികളും വെച്ച് ബർഗർ സെറ്റ് ചെയ്യുന്നു.

അടുപ്പിലെ വെള്ളത്തിലേക്ക് നീലശംഖുപുഷ്പങ്ങൾ ഇടുന്നു. ഗ്ലാസിലേക്കൊഴിച്ച് തേൻ

ചേർക്കുന്നു.
സെർവിങ്ങ്.
ദത്തൻ .. ' ഇതാണ് ഞങ്ങടെ ബർഗറും മൊജിറ്റോയും .സോ ടേസ്റ്റി. കൊഴുപ്പും ഇല്ല. പോഷകസമൃദ്ധവും . ഇനി ഇത് ശീലിച്ചാ മതി. '
സീൻ 3.
പച്ചക്കറിത്തോട്ടത്തിൽ അച്ഛൻ
ദത്തൻ .. ഇതാണ് ഞങ്ങടെ കൃഷി സ്ഥലം. ദിവസേന ഇതിൽ പണി ഉണ്ടാവും. അതു കഴിഞ്ഞാ മുന്നിലെ തോട്ടില് ചാടി നീന്തും .നല്ല ഉന്മേഷല്ലേ. വാ നമുക്ക് അച്ഛനെ സഹായിക്കാം.
ഗണേശൻ'.'എടാ, എന്തു രസാ നിന്റെ വീട്.ഞാൻ ഗെയിമും കളിച്ച് കണ്ടതൊക്കെ തിന്ന് കേറ്റി അസുഖങ്ങള് മാറാതെ നടക്കലേർന്നു.ഇനി ഞാനും മാറും. എന്റെ ശീലങ്ങളും മാറ്റണം. എനിക്കും വേണം ഈ രസങ്ങളൊക്കെ .

സ്ക്രിപ്റ്റ് 2
ആരാണ് കേമൻ
മേഖല ,,പോഷകാഹാരം
സീൻ 1.
ഉച്ചഭക്ഷണം കഴിക്കാൻ വട്ടത്തിലിരിക്കുന്ന കൂട്ടികൾ
സലിം പാത്രം തുറക്കുന്നു.
പയറില തോരൻ, ചെറുപയറു കറി എന്നിവ ഷെയർ ചെയ്യാൻ തുടങ്ങുന്നു.
കൂട്ടുകാർ കൈകൊണ്ട്പാത്രം മൂടുന്നു.
ഒരാൾ.. 'ഹോ, വേണ്ട, കണ്ട ഇലയും ചവറും ഒക്കെ ആവും എന്നും ഇവന്റെ പാത്രത്തിൽ;'
രണ്ടാമൻ .. 'എനിക്കിതൊക്കെ കണ്ടാലേ ദേഷ്യം വരും "
മൂന്നാമൻ: കണ്ടോ എന്റെ മമ്മി പാസ്തയാണ് തന്നിരിക്കുന്നെ.
നാലാമൻ: " എനിക്ക് നൂഡിൽസാ ഇഷ്ടം.'
സലിമിന്റെ മുഖം വാടുന്നു.
പാത്രം അടക്കുന്നു.
കണ്ടു വരുന്ന ടീച്ചർ
'എന്താ സലിം പാത്രം അടക്കുന്നത്? മുഖം വാടിയല്ലോ. എന്തു പറ്റി?'
ഒരു കുട്ടി .. 'ടീച്ചറെ, സലിമിന്റെ പാത്രത്തിലെ വിഭവങ്ങള് കണ്ടിട്ട് ഇവര് കളിയാക്കി '.ചപ്പും ചവറും എന്നു പറഞ്ഞു. '
ടീച്ചർ.' ആഹാ നോക്കട്ടെ. എന്താണെന്ന് .'
ടീച്ചർ തുറന്നു നോക്കുന്നു.
'ആഹാ ഇത്രയും പോഷകസമൃദ്ധമായ ആഹാരത്തിനെയാണോ അടച്ചു വെക്കുന്നത്. ? ഇനി ബാക്കി പാത്രങ്ങൾ നോക്കട്ടെ. പാസ്ത ,നൂഡിൽസ്, ഇതെന്താ പൊറോട്ടയോ. കൊള്ളാം കഴിച്ചു കഴിഞ്ഞ് എന്റടുത്തേക്ക് വരൂ.'
സീൻ 2
ഫാക്ട്സ് ക്ലാസ്
ടീച്ചർ പോഷകങ്ങളുടെയും ആഹാരങ്ങളുടെയും ചാർട്ട് കാണിക്കുന്നു.
ക്ലാസ് നൽകുന്നു

# STD 6

## ആരാണ് കേമൻ

## മേഖല: ആഹാരവും പോഷണവും

സീൻ 1.

ഉച്ചഭക്ഷണം കഴിക്കാൻ വട്ടത്തിലിരിക്കുന്ന കുട്ടികൾ

സലിം പാത്രം തുറക്കുന്നു.

പയറില തോരൻ, ചെറുപയറു കറി എന്നിവ ഷെയർ ചെയ്യാൻ തുടങ്ങുന്നു.

കൂട്ടുകാർ കൈകൊണ്ട്പാത്രം മൂടുന്നു.

ഒരാൾ.. 'ഹോ, വേണ്ട, കണ്ട ഇലയും ചവറും ഒക്കെ ആവും എന്നും ഇവന്റെ പാത്രത്തിൽ;'

രണ്ടാമൻ .. 'എനിക്കിതൊക്കെ കണ്ടാലേ ദേഷ്യം വരും ”

മൂന്നാമൻ: കണ്ടോ എന്റെ മമ്മി പാസ്തയാണ് തന്നിരിക്കുന്നെ.

നാലാമൻ: ” എനിക്ക് നൂഡിൽസാ ഇഷ്ടം.'

സലിമിന്റെ മുഖം വാടുന്നു.

പാത്രം അടക്കുന്നു.

കണ്ടു വരുന്ന ടീച്ചർ

'എന്താ സലിം പാത്രം അടക്കുന്നത്? മുഖം വാടിയല്ലോ. എന്തു പറ്റി?'

ഒരു കുട്ടി .. 'ടീച്ചറെ, സലിമിന്റെ പാത്രത്തിലെ വിഭവങ്ങള് കണ്ടിട്ട് ഇവര് കളിയാക്കി '.ചപ്പും ചവറും എന്നു പറഞ്ഞു. '

ടീച്ചർ.' ആഹാ നോക്കട്ടെ. എന്താണെന്ന് .'

ടീച്ചർ തുറന്നു നോക്കുന്നു.

'ആഹാ ഇത്രയും പോഷകസമൃദ്ധമായ ആഹാരത്തിനെയാണോ അടച്ചു വെക്കുന്നത്. ? ഇനി ബാക്കി പാത്രങ്ങൾ നോക്കട്ടെ. പാസ്ത ,നൂഡിൽസ്, ഇതെന്താ പൊറോട്ടയോ. കൊള്ളാം കഴിച്ചു കഴിഞ്ഞ് എന്റടുത്തേക്ക് വരൂ.'

സീൻ 2

ഫാക്ട്സ് ക്ലാസ്

ടീച്ചർ പോഷകങ്ങളുടെയും ആഹാരങ്ങളുടെയും ചാർട്ട് കാണിക്കുന്നു.

ക്ലാസ് നൽകുന്നു

# STD 6

## വെള്ളം.

### മേഖല: ഉത്തരവാദിത്തബോധം.

സീൻ 1

കളിസ്ഥലം.ബിനുവിനെ കാത്തിരിക്കുന്ന കുട്ടികൾ .നാലു പേർ.ഒരാൾ പന്ത് മേലോട്ടിടുന്നു. പിടിക്കുന്നു. ഒരാൾ ഇല കൊണ്ട് പടക്കം പൊട്ടിക്കുന്നു. സമയം പോകുന്നതിലെ അസ്വസ്ഥതകൾ ..

ഒരു കുട്ടി: എവടെ പോയി കെടക്കാണാവോ.

ഇവനെ കാത്തു നിക്കാൻ തുടങ്ങീട്ട് മണിക്കൂറൊന്നു കഴിഞ്ഞു.

രണ്ടാമൻ: ഞാൻ പോരുമ്പോ വിളിക്കാൻ നോക്കീതാ 'അപ്പോ അവന്റെ അമ്മ അവടെ നല്ല കലിപ്പിലാ. അപ്പ ഞാൻ ഒന്നും മുണ്ടാണ്ടെ ഒറ്റ ഓട്ടം.

മൂന്നാമൻ: അത് നന്നായി. നല്ല ചീത്ത വീട്ടിന്നെന്നെ കിട്ട്ണുണ്ട്, വേണ്ടോളം. അല്ലെ. ശ്ശൊ നേരം പോണു. ആ ബാറ്റ് കിട്ട്യാലും മതിയേർന്നു.

നാലാമൻ: അതിവന്റെ കയ്യിലിരിപ്പ് അങ്ങനത്തേയായോണ്ടല്ലെ.

ഒന്നാമൻ: ഓ നിങ്ങളൊക്കെ നല്ലവരാണല്ലോ. എടാ നമ്മളൊക്കെ അത്യാവശ്യം അടി വാങ്ങാറുണ്ടല്ലോ. ആരും മോശല്ല

ഒന്നാമൻ: ഓ വരുന്നുണ്ട്. ഇനിപ്പോ എന്ത് കളിക്കാനാ. ഉച്ചാവാനായി.

ബിനു കയ്യിൽ ബാറ്റുമായി വരുന്നു.

ഒന്നാ: എവിടേർന്നു നീ, നേരം മൊത്തം തീർന്നു.അമ്മ പണിമാറ്റി എത്താനായി ഞാൻ പോവാ.

ബിനു.. സോറി ടാ .

വീട്ടില് വെള്ള ല്ല്യ. അത് കൊണ്ടെന്ന് വെക്കാൻ കൂടി . അമ്മയ്ക്ക് നടുവേദന എളകിട്ട് ഏറ്റാൻ വയ്യ.

രണ്ടാമൻ: ഓ സാരല്യടാ. എന്റെ വീട്ടിലും ഇതേ പ്രശ്നം ണ്ട്. നാലഞ്ച് മാസം വെള്ളല്യാത്ത അവസ്ഥ. ആണ്.

ഒന്നാമൻ: പ്രളയം വന്നു പോയിട്ടും കാര്യല്ല്യ ഈ വെള്ളൊക്കെ എങ്ങട്ടാ പോണേന്നാ

ബിനു.. അത് ജെയിംസ് മാഷ് ക്ലാസില് പറഞ്ഞില്ലെ വെള്ളം ശേഖരിക്കണം എന്ന്.

രണ്ടാമൻ: ഒരു പദ്ധതി ഉണ്ട്. നമുക്ക് കുറച്ച് മഴക്കുഴികൾ നിർമ്മിക്കാം. ഇന്നാള് മാഷ് പറഞ്ഞില്ലെ'

കുട്ടികൾ.. ശരി, എന്നാ ഇപ്പൊ തന്നെ തുടങ്ങാം

മഴക്കുഴികുത്തുന്ന കുട്ടികൾ

മാഷ് വരുന്നു.

മാഷ്: ഹായ്, മിടുക്കൻമാർ. നിങ്ങളീ ചെയ്യുന്നത് എത്ര നല്ല പ്രവർത്തിയാന്നറിയാമോ.

അമ്മ.. എന്താ മാഷെ ഈ കുട്ട്യോള് കാട്ടണത്. കുഴികുത്തികേടാക്കാണലോ

മാഷ്. മഴവെള്ളം മണ്ണിൽ സൂക്ഷിക്കാനുള്ള നല്ലൊരു പദ്ധതിയാണിത്. മണ്ണിൽ വെള്ളമുണ്ടെങ്കിലേ ജലാശയങ്ങളിൽ വെള്ളം നിൽക്കൂ. അവരെ അഭിനന്ദിക്കുകയാണ് വേണ്ടത്.

## STD 6

### തുപ്പല്ലെ

### മേഖല: പരിസര ശുചിത്വം

(ആനിമേഷൻ/കാർട്ടൂൺ)

സീൻ 1

ഒരു കുട്ടി റോഡിലൂടെ നടന്നു വരുന്നു. വട്ട് ഉരുട്ടുന്നുണ്ട്. റോഡിൽ മാലിന്യങ്ങൾ ഉണ്ട്. അവയുടെ ദൃശ്യങ്ങൾ .കടയിൽ നിന്ന് അടിച്ചുവാരി റോഡിലേക്കു തട്ടുന്നു ഒരാൾ തുപ്പിക്കൊണ്ട് അവനെ കടന്നു പോവുന്നു. അവൻ കല്ലു തട്ടി റോഡിൽ വീഴുന്നു.ചെറിയ മുറിവ് കാണുമ്പോൾ സങ്കടം. ദേഷ്യം വന്ന് എഴുന്നേറ്റ് റോഡിനെ ചവിട്ടുന്നു. തുപ്പുന്നു

ഒരു ശബ്ദം.

'ഹേയ്, തുപ്പരുത് . പൊതുസ്ഥലങ്ങളിൽ തുപ്പരുത് എന്നു കേട്ടിട്ടില്ലെ?'

കുട്ടി .' ആരാ, ആരാ '

ശബ്ദം: 'ഞാൻ റോഡാ ഡോ. നിങ്ങളൊക്കെ ചവിട്ടി നടക്കുന്ന റോഡ് .എപ്പഴെങ്കിലും എന്നെ പറ്റി ആലോചിക്കാറുണ്ടോ നിങ്ങൾ?'

കുട്ടി.. 'യാത്ര ചെയ്യാൻ തന്നെല്ലേ റോഡ് ഉണ്ടാക്കീണ്?'

റോഡ്: ആണല്ലോ പക്ഷെ ഒന്നു ചോദിച്ചോട്ടെ. എന്റെ മേലിങ്ങനെ തുപ്പി നടക്കുന്നതെന്തിനാ?

കുട്ടി...ഹൊ, ഞാനെന്റെ വായിലെ മൺ തരി തുപ്പിക്കളഞ്ഞതിനാണോ ഇത്രയും ഡയലോഗ് ? ഞാൻ പോവാ.

റോഡ്: ഹൈ, പിണങ്ങാൻ പറഞ്ഞതല്ല. ഒരു മണിക്കൂർ ഒന്നു നിരീക്ഷിച്ചു നോക്കൂ. എത്ര പേരുടെ തുപ്പലാ ഞാൻ സഹിക്കുന്നതെന്ന്.

ഒരു കാര്യം ആരും ഓർക്കുന്നില്ല. ഈ പരിപാടി കൊണ്ട് ഏറ്റവും ബുദ്ധിമുട്ടുന്നത് നിങ്ങൾ തന്നെയാണെന്ന്.

തുപ്പൽ ദൃശ്യങ്ങൾ

കുട്ടി.. അതെങ്ങനെയാ ? നമ്മുടെ 'ശരീരത്തിന്നു പുറത്തേക്കല്ലേ കളയുന്നത്.

റോഡ്. അതെ. പക്ഷേ, ഏറ്റവും അധികം രോഗാണുക്കൾ പുറത്തെത്തുന്ന വഴിയും ഇതു തന്നെയല്ലേ . ഈ തുപ്പലിലെ രോഗാണുക്കൾ മണ്ണിലും വെള്ളത്തിലും വായുവിലും കലർന്ന് രോഗം പരത്തും 'ക്ഷയം തുടങ്ങിയ മാരകരോഗങ്ങൾക്കു കാരണമാകും.ചെരിപ്പിടാതെ നടക്കുന്നവരുടെ ശരീരത്തിൽ പ്രവേശിക്കും. അങ്ങനെ

എന്തൊക്കെ  ഉപദ്രവങ്ങളാ.

കുട്ടി..  ഹൊ.  ഞാനിത്രയൊന്നും  ആലോചിച്ചില്ല.

റോഡ്: ആലോചിക്കണം.അതിനു വേണ്ടി പ്രവർത്തിക്കുകയും വേണം. അറിയാമോ., പൊതുസ്ഥലത്ത് തുപ്പുന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഫൈനും ജയിൽ ശിക്ഷയും കിട്ടും.

കുട്ടി.. ഉം.ഇത്രയും ഗൗരവമുള്ള കാര്യമാണെന്ന് ഓർമിപ്പിച്ചതിനു നന്ദി.ഇത് എല്ലാവരിലും എത്തട്ടെ.

കുട്ടി പോസ്റ്ററുകൾ എഴുതി ഒട്ടിക്കുന്നു.

പൊതു സ്ഥലങ്ങളിൽ തുപ്പുന്നത് ശിക്ഷാർഹമാണ്.

## STD 6

### പ്രൊജക്റ്റ്

### മേഖല: സ്വയം ക്രമീകരണം

സീൻ 1

ഒരു ക്ലാസ്

അധ്യാപിക: "അപ്പോ, എല്ലാർക്കും മനസിലായല്ലോ, സംശയങ്ങളൊക്കെ തീർന്നു എന്നു കരുതുന്നു. ഒരു പ്രൊജക്റ്റിന്റെ കാര്യം പറഞ്ഞിരുന്നു. ഏത് ഗ്രൂപ്പാ ആദ്യം ചെയ്തു വരുന്നത് നോക്കട്ടെ. സമ്മാനമുണ്ട്. മറക്കണ്ട.

ടീച്ചർ പോകുന്നു.

സീൻ 2

ഒരു ബെഞ്ച് ഗ്രൂപ്പ് ചർച്ച

'സമ്മാനൊക്കെ മറ്റുള്ള ഗ്രൂപ്പുകാര് കൊണ്ടു പോവും. നമ്മളെന്തിനാ പിന്നെ മെനക്കെടുന്നെ. നമ്മടെ ഗ്രൂപ്പില് ഒക്കെ ഒറക്കം തൂങ്ങി ക ളാ .'

'ശരിയാ . അതിലൊക്കെ പഠിപ്പി കുട്ടികളാ'

'നമ്മള് വിചാരിച്ചാ ഒന്നും നടക്കില്ല'

സ്കൂളിന്നു പോണേനു മുമ്പ് ഒരിക്കലെങ്കിലും ഓരടെ മുന്നിൽ എത്തണം'

'നമ്മള് മെനക്കെടാഞ്ഞിട്ടാണെന്നാ എനിക്കു തോന്നുന്നത്. '

'നീ പറയും പോലെ ഒന്നുമല്ല. നീ ചേർന്നിട്ട് അധികം ദിവസൊന്നും ആയിട്ടില്ലല്ലോ.'

'അതെ. പക്ഷെ എനിക്കു വിശ്വാസമുണ്ട്. നിങ്ങളെന്റെ കൂടെ നിന്നാൽ ആ സമ്മാനം നമുക്ക് കിട്ടും '

' എടാ, നമുക്ക് ഇവൻ പറയുന്ന പോലെ ഒന്നു നോക്കാം. കിട്ടിയാല് സംഗതി പൊളിക്കും.'

'പൊളിക്ക മാത്രല്ല. സീൻ കളറാവും'

'എന്നാ നീ പറ. ഞങ്ങളുണ്ട് കൂടെ '

'ആദ്യം നമുക്ക് ഒരു പ്ലാൻ തയ്യാറാക്കണം. ചുമതലകൾ ഷെയർ ചെയ്യണം. നമ്മളും ചിട്ടയോടെ കുറച്ചു കാര്യങ്ങൾ ചെയ്യണം.'

സീൻ 3

കട്ട്സീൻസ് .

പ്ലാനിങ്ങ് ,വരക്കൽ, ടൈംടേബിൾ എഴുതി ഒട്ടിക്കൽ

അലാറം വെക്കൽ

രാവിലെ എഴുന്നേറ്റ് നിരീക്ഷണം ( പൂക്കൾ, ഇലകൾ)

എഴുത്ത്.

കളിക്കിടയിൽ വാച്ചു നോക്കി ഓടിപ്പോവൽ

നോട്ട് ബുക്കിൽ രേഖപ്പെടുത്തൽ

ചിത്രം വരയൽ,

ചാർട്ടെഴുതൽ

സീൻ 4

ക്ലാസ്.

പ്രൊജക്ട് അവതരണത്തിന് തയ്യാറായി ആദ്യം എത്തിയിരിക്കുന്ന ഈ മിടുക്കന്മാർക്ക്

ഒരു കയ്യടി നൽകാം.

പ്രൊജക്ട് പ്രസന്റേഷൻ മ്യൂട്ട്സീൻ )

ഒരു നിമിഷത്തെ നിശ്ശബ്ദത കയ്യടി .

# STD 6

## കളികൾ

### മേഖല: കായികക്ഷമത

സീൻ 1

അധ്യാപകൻ  വഴിയിൽ വെച്ച് രണ്ടു രക്ഷിതാക്കളെ കാണുന്നു.

അധ്യാ: ‘ എന്തു പറയുന്നു. മക്കളൊക്കെ . ഓൺലൈൻ ക്ലാസ്സിൽ കൃത്യമായി വർക്ക് ഇടാറുണ്ട്. അതൊക്കെ നന്നായി പോകുന്നുണ്ട് എന്ന് മനസ്സിലായി.

P 1 : ക്ലാസ് ഒക്കെ ഉഷാറാണ് മാഷെ.പക്ഷെ ഇപ്പോരു പ്രശ്നം പറ്റിയത് അതൊന്നും അല്ല. ഞങ്ങളത് ചർച്ച ചെയ്തു വരേർന്നു

മാഷ്: എന്താ പ്രശ്നം, പറഞ്ഞോളൂ. നാളെ ക്ലാസ് പി.ടി.എ യും ഉണ്ടല്ലോ നമുക്ക് പരിഹാരമുണ്ടാക്കാം

P 2: ഫോൺ ഉപയോഗം കൂടി.ഏതു നേരോം അതിലാ. ഒരു ഗുണം എന്താച്ചാല് ഓടിച്ചാടി നടന്ന് മുറീം കലേം ഒന്നും ആക്കില്ല

P 1: അങ്ങനെ നോക്കുമ്പോ ഗുണമാണ് .പക്ഷെ നമ്മടെ കുട്ടിക്കാലം ഓർക്കുമ്പോ ഒരു വിഷമം. പകലു മുഴുവൻ നീന്തലും കളികളും ഒക്കെ ആയിരുന്നു  ഇവരടെ ശരീരം അനങ്ങണില്ല.

P 2’ എടോ കാലം മാറീലെ . ഇപ്പൊ അനങ്ങാക്കാലമാണ്.കുട്ടികളും അങ്ങനെ വളരട്ടെ. ചളിയും പൊടിയും പറ്റാതെ .

മാഷ്: അങ്ങനെ തള്ളിക്കളയരുത് എന്നപേക്ഷിക്കുന്നു. കായിക ക്ഷമത ഇല്ലാതെ വളർന്നാലുണ്ടാവുന്ന പ്രശ്നങ്ങൾ അറിയാമോ.

ഫാക്ട് വിഡിയോ .

ആരോഗ്യമുള്ള ശരീരവും മനസ്സും വേണം. ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്ത് മുന്നേറാൻ കഴിയണം. മറ്റുള്ളവരെ അതിന് സഹായിക്കാനും കഴിയണം. കളികൾ അതിന് സഹായിക്കുന്നു.

ചെറിയ കളികൾ ക്ലിപ്സ്

# STD VIII
## Self Management
## Mime

**BGM** ഓടുകൂടി മൈം ആരംഭിക്കുമ്പോൾ മൂകാഭിനയസംഘം പുറം തിരിഞ്ഞു നിൽക്കുന്നു.

**BGM Change** ചെയ്യുമ്പോൾ രംഗം കുടുംബാന്തരീക്ഷത്തിലേക്കു മാറുന്നു. അച്ഛൻ പത്രവായനയിൽ മുഴുകിയിരിക്കുന്നു അമ്മ വീട്ടു ജോലികൾ ചെയ്യുന്നു. മക്കൾ (രണ്ടു കുട്ടികൾ) സ്കൂളിൽ നിന്നും വരുന്നു. ബാഗ് വലിച്ചെറിഞ്ഞിട്ട് കുട്ടികളിലൊരാൾ റിമോട്ടെടുത്ത് ടി. വി ഓൺ ചെയ്യുന്നു. 4 പേർ ടി.വി സ്ക്രീനിന്റെ രൂപത്തിലേക്കു മാറുന്നു. സ്ക്രീനിൽ അവതാരക പ്രത്യക്ഷപ്പെടുന്നു.(**BGM** – ഈ പരിപാടി നിങ്ങൾക്കായി അവതരിപ്പിക്കുന്നത്...................)

(**BGM Change** ) സ്ക്രീനിൽ പരസ്യത്തിന്റെ ദൃശ്യാവിഷ്കാരം ആരോഗ്യമില്ലാത്ത ഒരു കുട്ടി ഒരു മരുന്നു കഴിച്ച് ആരോഗ്യവാനായി മാറുന്നു.( **BGM Change** )

ടി. വി കണ്ടുകൊണ്ടിരിക്കുന്ന കുട്ടികളിലൊരാൾ അച്ഛനോടും, അമ്മയോടും അത് വാങ്ങികൊടുക്കാൻ ആവശ്യപ്പെടുന്നു, ( **BGM Change** ) ടി. വി സ്ക്രീനിൽ മറ്റൊരു പരസ്യത്തിന്റെ ദൃശ്യാവിഷ്കാരം.

പഠനത്തിൽ മോശമായ ഒരു കുട്ടി ഒരു പ്രത്യേക ഉല്പന്നം കഴിക്കുമ്പോൾ പഠനത്തിൽ സമർത്ഥനായി മാറുന്നു.( **BGM Change** )

ടി. വി കണ്ടുകൊണ്ടിരിക്കുന്ന രണ്ടാമത്തെ കുട്ടി അത് അച്ഛനേയും, അമ്മയേയും കാണിക്കുന്നു. അത് വാങ്ങികൊടുക്കാൻ ആവശ്യപ്പെടുന്നു, .(**BGM Change** )

. **BGM Change** ആകുമ്പോൾ രംഗം മാറുന്നു. അമ്മ വീട്ടു ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. മക്കളിലൊരാൾ ക്ഷീണിച്ചു മേശമേൽ തലചായ്ച്ചു കിടക്കുന്നു. രണ്ടാമത്തെ കുട്ടി പുസ്തകമെടുത്ത് പഠിച്ചുകൊണ്ട് നടക്കുന്നു. പലതവണ പഠിച്ചിട്ടും പഠിച്ചിട്ടും മനസ്സിലാകാത്തതിന്റെ ഭാവപ്രകടനങ്ങൾ. അച്ഛൻ കയറി വരുന്നു. പരസ്യത്തിൽ കണ്ട ഉല്പന്നങ്ങൾ കുട്ടികൾക്കു നൽകുന്നു . കുട്ടികൾ ആഹ്ളാദ പ്രകടനങ്ങൾ നടത്തുന്നു.

.( **BGM Change)** കുട്ടികൾ തുടർച്ചയായി പരസ്യത്തിൽ കണ്ട ഉല്പന്നങ്ങൾ കഴിക്കുന്നു. ബാക്ക്ഗ്രൗണ്ടിൽ മാസങ്ങൾ കടന്നു പോകുന്നതിന്റെ ദൃശ്യാവിഷ്കാരം.

( **BGM Change)**കുട്ടികൾക്ക് മാറ്റങ്ങൾ ഒന്നും സംഭവിക്കുന്നില്ല. കുട്ടികൾ നിരാശയും വിഷമവും പ്രകടിപ്പിക്കുന്നു. മാതാപിതാക്കൾ ഞെട്ടി നിൽക്കുന്നു.

പരസ്യങ്ങളെ ഒന്നും കണ്ണടച്ചു വിശ്വസിക്കരുതെന്ന സന്ദേശം വരുന്ന പ്ലക്കാർഡ്/ ബാനറുമായി എല്ലാവരും അണിനിരക്കുന്നു.

## STD – VI

## A DAY AT HOME – MONO ACT

### മേഖല : മാനസിക സാമൂഹിക വളർച്ച.

ധമിന്നുവിൻറെ വീട്. ഒരു ദിവസം ആരംഭിക്കുന്നു. മിന്നു ഉറക്കമുണർന്ന് വരുന്നു.പ

മിന്നു: ( ഉറക്കച്ചടവിൽ) അമ്മാ, അമ്മാ.... ഈ അമ്മയിതെവിടെപ്പോയി? എനിക്ക് ചായ കിട്ടിയില്ലാ....

( ദേഷ്യഭാവം )

[അമ്മയെ തിരക്കി അകത്തേക്ക് പോവുന്നു. മുറിയിൽ അമ്മ പുതച്ചു മൂടി ഇരിക്കുന്നു. ]

മിന്നു : ഹോ, അമ്മ എണീറ്റില്ലേ? ധദേഷ്യത്തിൽപ

അമ്മ [ തീരെ അവശ്വസ്വരത്തിൽ ]: മിന്നൂ, അമ്മയ്ക്ക് തീരെ വയ്യ. ഇന്ന് ജോലികൾ ഒക്കെ മോൾ ചെയ്യണം. അമ്മയ്ക്ക് തീരെ വയ്യ.

മിന്നു: ഓ...... എന്ത് കഷ്ടമാണ്.....

[ ചിണുങ്ങിക്കരഞ്ഞുകൊണ്ട് ]

ശരി, എന്താ ചെയ്യേണ്ടത്?

അമ്മ: മിന്നൂ, ആദ്യം ആ പച്ചക്കറിയൊന്ന് റെഡിയാക്കൂ.

[ മിന്നു പച്ചക്കറികൾ റെഡിയാക്കുന്നു. ]

മിന്നു : അമ്മേ ദാ തീർന്നു. ഇനിയെന്താണ് ജോലി?

അമ്മ : മിന്നൂ, മോളേ ഇവിടൊക്കെയെന്ന് തൂത്തുവൃത്തിയാക്കൂ.

[ മിന്നു ചൂലെടുത്ത് വൃത്തിയാക്കുന്നു. ]

മിന്നു: അമ്മേ വൃത്തിയാക്കി കഴിഞ്ഞു. ഇനിയെന്തെങ്കിലും ഉണ്ടോ??

അമ്മ : മോളേ, അമ്മയ്ക്ക് കുറച്ച് വെള്ളം എടുത്തു കൊണ്ടു വരൂ.

മിന്നു : ശരി അമ്മേ, ദാ കൊണ്ടു വരാം.

[ ഗ്ലാസ്സിൽ വെള്ളം കൊണ്ടുവന്ന് അമ്മയ്ക്ക് നൽകുന്നു. ]

അമ്മ : മിന്നൂ, മോളേ ഇനി പോയിരുന്നു കുറച്ചു നേരം പഠിക്കൂ.

മിന്നു : ശരി അമ്മേ, ഞാൻ പഠിക്കട്ടെ. [ പുസ്തകവുമായി അങ്ങോട്ടുമിങ്ങോട്ടും നടന്ന് ഉറക്കെ വായിച്ചു പഠിക്കുന്നു. ]

[ പെട്ടെന്ന് ക്ലോക്കിൽ നോക്കുന്നു. ]

**മിന്നു : അയ്യോ അമ്മേ, എനിക്ക് സ്കൂളിൽ പോവാൻ സമയമാകുന്നു. ഞാൻ റെഡിയാവട്ടെ.**

**[ മിന്നു സ്കൂളിൽ പോവാനുള്ള ഒരുക്കങ്ങൾ സ്വയം ചെയ്യുന്നു. ]**

**മിന്നു [ പുറത്തേക്ക് കാതോർത്തിട്ട് ] : അയ്യോ സ്കൂൾ ബസ് എത്തി, അമ്മേ ഞാനിറങ്ങുന്നു.**

**റ്റാ.....റ്റാ...........**

# STD VI
# CHILD SAFETY

## <u>വീഡിയോ കൊളാഷ്</u>

**വിദ്യാർത്ഥികൾ അബദ്ധത്തിൽ അപകടത്തിലാവുന്ന ചില സാഹചര്യങ്ങളുടെ ന്യൂസ് റിപ്പോർട്ടുകൾ ഒന്നൊന്നായി കടന്നുവരുന്നു.**

**<u>സന്ദർഭങ്ങൾ</u>**

1. അപരിചിതരുടെ ലിഫ്റ്റുകൾ സ്വീകരിച്ച് വിദ്യാർത്ഥികൾ അപകടത്തിലാവുന്നു.
2. അപരിചിതരായ ആളുകൾ നൽകുന്ന ആഹാരസാധനങ്ങൾ വാങ്ങി ഭക്ഷിച്ച് അപകടത്തിലാവുന്ന വിദ്യാർത്ഥികൾ
3. രക്ഷിതാക്കളെ അറിയിക്കാതെ സാഹസിക /യാത്രകൾ പ്രവർത്തനങ്ങൾ ചെയ്ത് അപകടത്തിലാവുന്ന വിദ്യാർത്ഥികൾ
4. കൂട്ടുകാരുമൊത്ത് നദി, ബീച്ച് തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്രചെയ്ത് അപകടത്തിലാവുന്ന വിദ്യാർത്ഥികൾ
5. അപരിചിതരുടെ സഹായം സ്വീകരിച്ച് അപകടത്തിലാവുന്ന വിദ്യാർത്ഥികൾ
6. കൂട്ടുകൂടി ലഹരി വസ്തുക്കൾ ഉപയോഗിച്ച് അപകടത്തിലാവുന്ന വിദ്യാർത്ഥികൾ

വാർത്തകളുടെ വീഡിയോ കൊളാഷിനുശേഷം ഒരു പോലീസ് മേധാവി കുട്ടികളുടെ സുരക്ഷയെ പറ്റി സംസാരിക്കുന്നു.

അസ്സെംബ്ലി കുട്ടി
ഷോർട് ഫിലിം
ഡൊമൈൻ : കായികക്ഷമത
**Std: 9**

സീൻ 1
സ്കൂൾ അസ്സെംബ്ലി ഗ്രൗണ്ട്
കുട്ടികൾ വരിവരിയായി അസ്സെംബ്ലി ഗ്രൗണ്ടിൽ വന്നുകൊണ്ടിരിക്കുന്നു
ഒമ്പതാം ക്ലാസ്സിലെ ഒരു വരിയിൽ അവസാനമായി ഒരുകുട്ടി നിൽക്കുന്നുണ്ട്
അനന്തു
അനന്തിന്റെ കണ്ണിൽ പേടിയും നാണക്കേടും ഒക്കെ കലർന്ന അസ്വസ്ഥത നിഴലിക്കുന്നുണ്ട്
ഇടയ്ക്കിടയ്ക്ക് മറ്റുള്ള വരിയിലെ കുട്ടികൾ അനന്തുനെ പരിഹാസത്തോടെ നോക്കുന്നുണ്ട്
ചില മാഷുമാരും അനന്തുനെ എത്തിനോക്കുന്നുണ്ട്
അനന്തിന്റെ തൊട്ടുപിന്നിലായി അനന്തിന്റെ ഏറ്റവും അടുത്ത കൂട്ടുകാരൻ സഫീർ നിൽക്കുന്നുണ്ട് .
ഇടയ്ക്കിടയ്ക്ക് അനന്തിന്റെ കയ്യിൽ മുറുക്കി പിടിക്കുന്നുണ്ട് സഫീർ
സീൻ 2
അസ്സെംബ്ലിയിൽ സംസാരിക്കുന്ന മാഷുടെ പ്രസംഗം
"മാഷെ ......" സഫീറിന്റെ ഉറക്കെയുള്ള നീട്ടിവിളികേട്ടു എല്ലാവരും ബാക്കിലേക്കു നോക്കി
അനന്തു തലചുറ്റി വീഴാൻ പോകുന്നു സഫീർ താങ്ങിപിടിച്ചിട്ടുണ്ട്
ബാക്കിയുള്ള കുട്ടികൾ എല്ലാവരും ചിരിക്കാൻ തുടങ്ങി
"അത് അനന്തു ആണ് എല്ലാവരും ഇവിടെ ശ്രദ്ധിക്കു"
മാഷ് പ്രസംഗത്തിനിടയിൽ വിളിച്ചു പറഞ്ഞു
സീൻ 3
പുതിയ ഡ്രിൽ മാഷ് രവിമാഷും സഫീറും കൂടി അനന്തുനെ ഓഫീസിനു മുന്നിലുള്ള ബെഞ്ചിൽ കിടത്തി
കുറച്ചു നേരത്തിനു ശേഷം അനന്തു എണീറ്റിരുന്നു .
ആകെ  വിഷമമായിരുന്നു അവന്റെ മുഖത്തു .
സീൻ 4
സഫീറും അനന്തുവും കൂടി ബഞ്ചിന്മേൽ ഇരിക്കുമ്പോൾ രവിമാഷ് അതുവഴിപോകുന്നു
സഫീർ "രവിമേഷേ ...."
വിളികേട്ടു മാഷ് തിരിഞ്ഞു നോക്കി
"എന്താ സഫീർ ?"
"മാഷെ എല്ലാവരും അനന്തുനെ അസ്സെംബ്ളി കുട്ടി എന്ന് പറഞ്ഞു കളിയാക്ക"
"അതെന്താ അനന്തു അങ്ങനെ "
"മാഷെ എന്നും അനന്തു അസ്സെംബ്ലിയിൽ തലചുറ്റി വീഴും അതോണ്ടാ .

മാഷെ ഇന്നലെ ഞാൻ ടിവിയിൽ ഒരു പരിപാടി കേട്ടു. അതിൽ പറഞ്ഞു കായികക്ഷമത ഉണ്ടെങ്കിൽ കുട്ടികൾ ഇങ്ങനെ വീണുപോകില്ലന്നു ശരിയാണോ മാഷെ ?"
രവിമാഷ് അനന്തിന്റെ അടുത്ത വന്നിരുന്നു കാര്യങ്ങൾ തിരക്കി
ഞാൻ ഇന്ന് അനന്തിന്റെ വീട്ടിൽ വരം എന്ന് പറഞ്ഞു മാഷ് പോയി
സീൻ 5
അനന്തിന്റെ വീട്
ഒരു സാധാരണ വീട്
അച്ഛനും അമ്മയും കൂലിപ്പണിക്കാർ
അച്ഛനോടും അമ്മയോടും കൂടി മാഷ് പറഞ്ഞു " അനന്തുനെ നമുക് വലിയ ഒരു ഓട്ടക്കാരനാകണം .അതിനു വേണ്ടി നാളെ മുതൽ അവൻ എന്റെ കൂടെ രാവിലെ സ്കൂൾ ഗ്രൗണ്ടിൽ ഓടാൻ വിടണം .ഇത് അവനുള്ള ഷൂസ് ആണ് ."
സീൻ 6
സ്കൂൾ ഗ്രൗണ്ട്
അനന്തുവും മാഷും ഓടുന്നത് ചിത്രരകരിക്കുന്നു
ചില വ്യായാമങ്ങൾ ചെയ്യുന്നു
ഗ്രൗണ്ടിൽ ദിവസങ്ങൾ മാറിയുള്ള പരിശീലനം ചിത്രീകരിക്കുന്നു
അവസാനം മാഷ് " നാളെ ആണ് സ്കൂൾ സ്പോർട്സ് നീ വിജയിക്കണം "
സീൻ 7
സ്കൂൾ അസ്സെംബ്ലി
വീണ്ടുക കുട്ടികൾ വരിവരിയായി വരുന്നു
അവസാന വരിയിൽ അനന്തുവും സഫീറും . അനന്തു തല ഉയർത്തിപ്പിടിച്ചിട്ടാണ് നിൽക്കുന്നത് . അനന്തിന്റെ മുഖത്തെ ആത്മവിശ്വാസം സഫീറിന്റെ മുഖത്തും ഉണ്ട്.സഫീർ ഇത്തവണ അനന്തിന്റെ കയ്യിൽ പിടിക്കുന്നില്ല
സീൻ സ്കൂൾ ക്ലോക്കിൽ പത്തുമണി കഴിഞ്ഞു ഇരുപത് മിനിറ്റ് കാണിക്കുന്നു
അപ്പോഴും അനന്തുവാ തലയുയർത്തി തന്നെ നിക്കുന്നു
സീൻ 8
അസ്സസെംബ്ലിയിൽ സംസാരിക്കുന്ന മാഷ്
"ഇത്തവണ സ്പോർട്സിൽ മികച്ച വിദ്യാർത്ഥിയായി അനന്തുനെ തിരഞ്ഞെടുത്തിരിക്കുന്നു"
കരഘോഷങ്ങൾക്കിടയിൽ അനന്തു നടന്ന് വരുന്നു
അനന്തുവിനു മെഡൽ കഴുത്തിൽ ഇട്ടു കൊടുക്കുന്നു
എന്നിട് പറയുന്നു "അനന്തു ഇന്നുമുതൽ അസ്സെംബ്ളികുട്ടിയല്ല സ്പോർട്സകുട്ടിയാണ് നമ്മുടെ സ്വന്തം സ്പോർട്സ് കുട്ടി "
സഫീറിന്റെ കണ്ണുകൾ നിറയുന്നു
സീൻ 9
അനന്തുവും സഫീറും രവി മാഷും
അനന്തു മെഡൽ സഫീറിന്റെ കഴുത്തിൽ ഇട്ടുകൊടുത്തതിനുശേഷം മാഷോട് പറയുന്നു
" മാഷെ ഒരുപാട് നന്ദി ഈ അസ്സെംബ്ലി കുട്ടിയെ സ്പോർട്സകുട്ടി ആക്കിയതിൽ

ഒരുപാട് നന്ദി "
സീൻ
അനന്തു സഫീറിന്റെ തോളിൽ കയ്യിട്ടു ക്ലാസ്സിലേക്ക് നടക്കുമ്പോൾ
എഴുതികാണിക്കുന്നു

" സ്പോർട്സ് കുട്ടി "

" എല്ലാ ഗെയിമും കളിയല്ല "
ഷോർട് ഫിലിം
ഡൊമൈൻ : സുരക്ഷാ
**Std: 9**

സീൻ 1
സദാസമയവും മൊബൈലിൽ ഗെയിം കളിച്ചു കൊണ്ടിരിക്കുന്ന പതിനാലു വയസായ കുട്ടി.
ഗെയിം കളിക്കുമ്പോൾ അവന്റെ മുഖത്തു അക്രമവാസനയും ഭയവും ആകാംഷ യും നിരാശയും ഒക്കെ മിന്നിമായുന്ന രംഗങ്ങൾ
മുപ്പത്തിയഞ്ചു സെക്കന്റ് അത് ചിത്രരകരിച്ചതിനു ശേഷം മൊബൈൽ ഫോൺ ദേഷ്യത്തോടെ കിടക്കയിലേക്ക് വലിച്ചെറിഞ്ഞു അവൻ മുറി വിട്ടു പോകുന്നു
സീൻ 2
വീണ്ടും അവൻ ഫോൺ വന്നു എടുക്കുകയും അതിനു ശേഷം കൂട്ടുകാരെ വിളിക്കുന്നു
14 വയസായ കുട്ടി : " എടാ നിന്റെ കയ്യിൽ ഗെയിം ടോക്കൺ ഉണ്ടോ എനിക്ക് തരാൻ "
മറുതലക്കിൽ നിന്നും " പോടാ എന്റെ ടോക്കൺ തന്നെ തീർന്നിട് അച്ഛൻ അറിയാതെ പോക്കറ്റിൽ നിന്നും പൈസ അടിച്ചുമാറ്റിയിട്ട് ബോസിന് കൊടുത്തിട്ടു ഞാൻ തന്നെ കളിക്കുന്നെ. നീയും ബോസിന് പൈസ കൊടുതു വാങ്ങിക്കോ "
വീണ്ടും നിരാശയോടെ അവൻ വേറെ ഒരു കൂട്ടുകാരനെ വിളിക്കുന്നു
മറുതലക്കിൽ നിന്നും : " എടാ നീ എനിക്ക് അഞ്ഞൂറ് രൂപ തന്നാൽ നിനക്ക് ഞാൻ ടോക്കൺ അയച്ചു തരാം "
ഫോൺ ദേഷ്യത്തോടെ വലിച്ചെറിഞ്ഞു അവൻ വീണ്ടും മുറി വിട്ടു പോകുന്നു
സീൻ 3
അച്ഛന്റെ കൂടെ ATM പോകുന്ന മകൻ .അച്ഛൻ മകനെയും atm റൂമിൽ കേറുന്നു പൈസ എടുക്കുന്നതിനുള്ള പാസ്‌വേഡ് അടിക്കുന്നു
ഇതേസമയം മകന്റെ നോട്ടം അച്ഛൻ ടൈപ്പ് ചെയ്യുന്ന പാസ്‌വേർഡിൽ ആണ്
സീൻ 4
വീട്ടിൽ അച്ഛൻ പേഴ്സ് മേശപ്പുറത് വെക്കുന്നു (ക്ലോസെ അപ്പ്)
സീൻ 5
അച്ഛൻ പേഴ്സ് മേശപ്പുറത് വെക്കുന്നത് നോക്കി നിൽക്കുന്ന മകൻ
സീൻ 6
അച്ഛൻ പരാതിയായി ബാങ്കിൽ എത്തുന്നു
അച്ഛൻ " എന്റെ അക്കൗണ്ടിലെ മുഴുവൻ പൈസയും നഷ്ടപെട്ടിരിക്കുന്നു"
ബാങ്ക് ഓഫീസർ കമ്പ്യൂട്ടറിൽ കുറച്ചു പരിശോധിച്ച ശേഷം
" താങ്കളുടെ ATM കാർഡ് ഉപയോഗിച്ചാണ് പണം പിൻവലിച്ചിരിക്കുന്നത് . അതും ഇന്ത്യക്കു പുറമെനിന്നും. നമുക് സൈബർ ഏജൻസിയെ വിളിച്ചു നോക്കാം "
അല്പസമയം ഓഫീസർ ഫോൺ വിളിക്കുന്നു

അതിനു ശേഷം " താങ്കൾ മകനെയും കൂട്ടി സൈബർ ഏജൻസി വരെ ഒന്ന് പോണം "
സീൻ 7
സൈബർ ഏജൻസി
ഓഫീസർ : " താങ്കളുടെ അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചത് വ്യാജ ഗെയിം സൈറ്റ് ആണ് .അത്തരം സൈറ്റുകളിൽ നിങ്ങളുടെ atm പാസ്സ്‌വേർഡ് ഉപയോഗിച്ച് ആരോ പണമിടപാട് നടത്തിയിട്ടുണ്ട് "
അച്ഛൻ :"ഞാൻ ഒരു സൈറ്റിലും പൈസകൊടുത്തിട്ടില്ല "
ഓഫീസർ : " എന്നാൽ മകനെ ഒന്ന് വിളിക്കു "
സീൻ 8
മകനെ ഒന്ന് രണ്ട ഓഫീസർമാർ അച്ഛന്റെ മുന്നിൽ നിന്നും ചോദ്യം ചെയ്യുന്നു .
സൗണ്ട് ഇല്ലാതെ മ്യൂസിക് മാത്രം ഇട്ടുകൊണ്ട് ഈ സീൻ ചിത്രീകരിക്കുന്നു
സീൻ 9
മകൻ സങ്കടത്തോടെ നിൽക്കുമ്പോൾ ഓഫീസിൽ അടുത്ത വിളിച്ചു തോളിൽ കൈവെച്ചുകൊണ്ട് പറയുന്നു " കുട്ടികളെ ചതിയിൽ പെടുത്താൽ ഇത്തരം കുറെ വ്യാജ സൈറ്റും ഗെയിമും ഒക്കെ ഇൻററർനെറ്റിൽ ഉണ്ട് അതിലൊന്നുഓം പോയി പെടരുത് .അച്ഛന്റെ ഇത്രയും നാളത്തെ സമ്പാദ്യം ആണ് ഒരു ക്ലിക് ചെയ്തതിലൂടെ നിങ്ങളുടെ കുടുംബത്തിന് നഷ്ടപെട്ടത് . ഇനി ഇതിലൊന്ന് പോയി പെടരുത് .നിന്റെ കൂട്ടുകാരെയും നിനക്ക് പറ്റിയ ചതി മനസ്സിലാക്കിക്കൊടുക്കുക "
മകൻ  സമ്മതിച്ചു തലയാട്ടുന്നു
അച്ഛനോട് ഓഫീസർ " ഒരിക്കലും രഹസ്യമായി സൂക്ഷിക്കേണ്ടുന്ന ഇത്തരം പാസ്‌വേഡ് കൽ അശ്രദ്ധയോടെ കൈകാര്യം ചെയ്യരുത് "
മകനോട് " അച്ഛന്റെ പൈസ ചിലപ്പോൾ കിട്ടാൻ പ്രയാസമായിരിക്കും ഞങ്ങൾ അന്വഷണം നടത്തം  ഇനി ഇത്തരം മണ്ടത്തരങ്ങൾ ചെയ്യരുത് "
മകന്റെ പുറത്തു തട്ടി ആശ്വസിപ്പിക്കുന്നു അപ്പോൾ എഴുതി കാണിക്കുന്നു

" എല്ലാ ഗെയിമും കളിയല്ല "

മിഠായി സദ്യ
ഷോർട് ഫിലിം
ഡൊമൈൻ : പരിസര ശുചിത്വം
**Std: 8**

**സീൻ 1**
വീട്ടിലെ അടുക്കള ആണ് രംഗം
വീട്ടിലെ 13 വയസ്സുകാരിയായ നീതു ദേഷ്യം പിടിച്ചു ഇരിക്കാന് അമ്മയോട് ദേഷ്യത്തിലും സങ്കടത്തിലും നീതു ഓരോന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു
" ഞാൻ ഇന്ന് സ്കൂളിൽ പോണില്ല അമ്മെ , ഇന്ന് എന്റെ പിറന്നാളിന് എനിക്ക് വലിയ മിഠായി തന്നെ കൂട്ടുകാർക്കു കൊടുക്കണം , കഴിഞ്ഞ തവണ ക്ലാസ്സിലെ പണക്കാരനായ കുട്ടി ജിത്തു എല്ലാവര്ക്കും ഗൾഫ് മിഠായി യാണ് കൊടുത്തത്"
അമ്മ : " അതിനെന്താ മോളെ അവന്റെ അച്ഛൻ വലിയ പണക്കാരനല്ലേ നമുക് അതൊക്കെ മോഹിച്ച പറ്റുമോ?"
നീതു: " എന്ത് ഭംഗിയായിരുന്നു അതിന്റെ കവറുത്തന്നെ കാണാൻ എല്ലാവരും മിഠായി തിന്നിട്ടു കവർ ഒക്കെ ക്ലാസ്സ്സിലും പുറത്തും ഇട്ടതിനു മാഷ് അവനെ ചീത്ത പറഞ്ഞതാ ആകെ ഒരു സന്തോഷം "
അമ്മ ഒന്ന് ചിരിച്ചിട് പറഞ്ഞു" അച്ഛൻ വരുമ്പോൾ പറയാം ട്ടോ "

**സീൻ 2**
വീടിന്റെ ഉമ്മറം
അച്ഛൻ നാട്ടിലെ പ്രധാന പരിസ്ഥിതി പ്രവർത്തകനാണ് . അച്ഛൻ ഉമ്മറത്തെ ചാരുകസേരയിൽ കിടക്കുമ്പോൾ
അമ്മ : " മോളുടെപിറന്നാളിന് ഇത്തവണ വലിയ ഭംഗിയുള്ള കവറുള്ളമിഠായി സ്കൂളിൽ കൊടുക്കണം എന്ന് പറഞ്ഞു അപ്പുറത്തിരുന്നു കരയുന്നുണ്ട് "
അച്ഛൻ മുഖം ഉയർത്തി "നീതു" എന്ന് നീട്ടി വിളിച്ചു
നീതു കലങ്ങിയ കണ്ണുമായി അമ്മയുടെ സാരിത്തുമ്പിൽ പിടിച്ചുകൊണ്ട് അച്ഛനെ നോക്കി നിന്ന് വിളികേട്ടു.
അച്ഛൻ പറഞ്ഞു " നീ വിഷമിക്കേണ്ട ഇത്തവണ നമുക് ക്ലാസ്സിലെ കൂട്ടുകാർക്കു ഒരു മിഠായി സദ്യ തന്നെ കൊടുക്കാം "
നീതു അത്ഭുതത്തോടെ ചോദിച്ചു" മിഠായി സദ്യയോ?"
അച്ഛൻ " അതെ ഞാൻ ഉച്ചക്ക് നിന്റെ ക്ലാസ്സിൽ വരാം എന്റെ മോൾ സന്തോഷമായി സ്കൂളിൽ പൊയ്ക്കോളൂ "
നീതു സമ്മതത്തോടെ തലയാട്ടി.

**സീൻ 3**

സ്കൂളിലെ നീതുന്റെ എട്ടാം ക്ലാസ്
ഉച്ചക്ക് ഭക്ഷണത്തിനു ശേഷം എല്ലാ കുട്ടികള് ആകെ തിക്കും തിരക്കും കൂട്ടുന്നു
നീതു ആകാംഷയോടെ സ്കൂൾ ഗെയിറ്റിലേക്കു നോക്കിയിരിക്കുന്നുണ്ട്
"അതാ അച്ഛൻ വരുന്നു " നീതു ഗെയ്റ്റിൽ അച്ഛനെ കണ്ടപ്പോൾ തന്നെ ആർത്തു വിളിച്ചു
മാറ്റുകൂട്ടുകാരും അപ്പൊ അത് നോക്കി ആർത്തു വിളിച്ചു

**സീൻ 4**

തോളത് ഒരു തുണിസഞ്ചിയുമായി അപ്പുന്റെ അച്ചൻ ഒരു കുടയും ചൂടി നടന്നു വരുന്നു

**സീൻ 5**

നീതുവിന്റെ അച്ഛൻ സ്റ്റാഫ് റൂമിൽനിന്നും ക്ലാസ് ടീച്ചറെയും കൂട്ടി. നേരെ നീതുവിന്റെ ക്ലാസ്സിലേക്ക് നടന്നു വരുന്നു
നീതുന്റെ അച്ഛൻ കുട മടക്കി ക്ലാസിനു പുറത്തു വെച്ച, ക്ലാസ്സിനകത്തേക്കു കയറുന്നു .കുട്ടികൾ എല്ലാവരും ബഹളം നിർത്തി ബെഞ്ചിന്മേൽ ഇരിക്കുന്നു

**സീൻ 6**

ക്ലാസ്സിൽ  നീതുന്റെ ക്ലാസ് ടീച്ചർ  കുട്ടികളോടായി പറയുന്നു
"നമ്മുടെ നീതുവിന്റെ അച്ഛൻ ഒരു പരിസ്ഥിതി പ്രവർത്തകനാണ് എന്ന് എല്ലാവര്ക്കും അറിയാലോ
അതിനാൽ നീതുവിന്റെ പിറന്നാളിന് നമുക്കൊരു മാതൃകകാണിക്കാൻ വന്നതാണ് അദ്ദേഹം ഇപ്പോ . എല്ലാവരും അദ്ദേഹത്തെ ശ്രദ്ധിച്ചു അച്ചടക്കത്തോടെ പറയുന്നത് കേൾക്കു."
നീതുവിന്റെ അച്ഛൻ : " ഇന്ന് എന്റെ മോൾ നീതുന്റെ പിറന്നാളാണ് അറിയാമല്ലോ ?"
അറിയാ..കുട്ടികൾ ഒന്നടങ്കം വിളിച്ചുപറയുന്നു
അച്ഛൻ തുടരുന്നു " കഴിഞ്ഞ ദിവസം ആരുടെയോ പിറന്നാളിന് ക്ലാസ്സു മുഴുവൻ മിഠായി  കടലാസുകൊണ്ട് നിറഞ്ഞു നിങ്ങള്ക്ക് ചീത്ത കേട്ടോ?"
"ഉം " കുട്ടികൾ വിഷമത്തോടെ മറുപടി നൽകി
മിഠായി  കടലാസും  പ്ലാസ്റ്റിക് കവറും ഒക്കെ നമ്മുടെ പരിസ്ഥിതിക്കു ദോഷം ആണെന്ന് നിങ്ങൾ പഠിച്ചിട്ടില്ല ?"
"ഉണ്ട് " കുട്ടികൾ ആവേശത്തോടെ പറഞ്ഞു
അച്ഛൻ " പിന്നെന്താണ് നിങ്ങൾ അത്തരം കടലാസുകളും കവറുകളും പിന്നേം ഉപയോഗിക്കുന്നത് ?"
ആരും ഒന്നും മിണ്ടുന്നില്ല
"അതുകൊണ്ട് നീതുന്റെ പിറന്നാളിന് നീതു പരിസ്ഥിതിക്കു ദോഷം ചെയ്യുന്നതൊന്നും ചെയ്യില്ലെന്ന് തീരുമാനിച്ചു "
നിങ്ങൾക്കെല്ലാവർക്കും ഒരു മിഠായി  സദ്യ ഒരുക്കാനാണ് ഞാൻ വന്നത് "
കുട്ടികൾ ഒക്കെ ആർത്തു വിളിച്ചു
അച്ഛൻ പറഞ്ഞു " മുന്നിലുള്ള രണ്ടു  ഡെസ്ക് കൂട്ടിയിടു "
ഒന്ന് രണ്ടു കുട്ടികൾ മുന്നോട്ട് വന്നു ഡെസ്ക് കൂട്ടിയിട്ടു

അപ്പുന്റെ അച്ഛൻ തൻറെ തുണി സഞ്ചിയിൽ നിന്നും കുറച്ചു സ്റ്റീൽ പത്രങ്ങൾ എടുത്ത് ഡെസ്കിൽ നിരത്തി വെച്ച് അതിലേക്ക് കടലമിഠായി , ജീരകമിഠായി ഇഞ്ചിമിഠായി തേൻമിഠായി നാരങ്ങാ മിഠായി എന്നി ഭരണിയിൽ സൂക്ഷിക്കുന്ന മിഠായികൾ നിറക്കാൻ തുടങ്ങി

**സീൻ** 7

എല്ലാം നിറഞ്ഞിരിക്കുന്ന പാത്രങ്ങളുടെ ഇടയിൽ നിന്ന് നീതുന്റെ അച്ഛൻ പറഞ്ഞു "എല്ലാവരും ഈ മിട്ടായി സദ്യയിൽ പങ്കെടുത്ത നീതുന്റെ പിറന്നാൾ ആഘോഷിക്കൂ . നമ്മുടെ ചെറിയ ആഘോഷങ്ങളിൽ പോലും നമ്മുടെ പരിസ്ഥിതി സംരക്ഷിക്കാൻ നാം മറന്നു പോവരുത് ഇനി" എല്ലാവരും കൊതിയോടെ വന്നു മിഠായികൾ എടുക്കുമ്പോൾ അച്ഛനെ കെട്ടിപിടിച്ചുകൊണ്ട് സന്തോഷത്തോടെ അച്ഛന്റെ കണ്ണുകളിൽ നോക്കി നിൽക്കുമ്പോൾ സ്ക്രീനിൽ എഴുതികാണിക്കുന്നു

" **മിഠായി സദ്യ** "